<u>സബ്മിഷൻസ്</u>

**അംഗൻവാടി വർക്കർമാരുടെ വേതനം**

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, അംഗൻവാടികളെക്കുറിച്ചാണ് എനിക്ക് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കാനുള്ളത്. വീടിനുപുറത്ത് ഒരു കുട്ടി യുടെ ആദ്യത്തെ സാമൂഹ്യ സ്ഥാപനമാണ് അംഗൻവാടി എന്നുപറയുന്നത്. പ്രത്യേകിച്ചും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ വലിയ പ്രാധാന്യമാണ് അംഗൻവാടികൾക്ക് കൈവന്നിരിക്കുന്നത്. പ്രീ-സ്കൂളുകളായി അംഗൻവാടികൾ രൂപാന്തരം പ്രാപിക്കേണ്ടതായിട്ടുണ്ട്. അവിടെ നല്ല അദ്ധ്യായനംതന്നെ ലഭിക്കേണ്ടതായിട്ടുണ്ട്. അതിന് ഏകീകൃത മായി സിലബസുണ്ടാകണം. അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ആധുനികവും മന:ശാസ്ത്രപരവുമായ ട്രെയിനിംഗ് നൽകേണ്ടതായിട്ടുണ്ട്. ഏതാണ്ട് 66,000-ത്തിലേറെ സ്ത്രീകളാണ് അംഗൻവാടികളിലെ ജീവനക്കാ രായി ഉപജീവനം നയിച്ച് മുന്നോട്ടുപോകുന്നത്. ഇവരുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഇവർക്ക് നിലവിൽ ഓണറേറിയമാണ് നൽകിക്കൊണ്ടിരി ക്കുന്നത്. കൊച്ചു കുഞ്ഞുങ്ങളുമായി ബന്ധപ്പെട്ട ജോലികളായതുകൊണ്ട് അവർക്ക് മുഴുവൻ സമയവും ജോലിയുണ്ട്. ഇവരുടെ വേതനം സംബന്ധിച്ച് ഓണറേറിയം എന്നത് മാറ്റി ശമ്പളമാക്കാൻ സാധിക്കുകയാണെങ്കിൽ ഉചിതമാ യിരിക്കും. നിലവിൽ കേരളത്തിലെ അംഗൻവാടികളിലെ ജീവനക്കാരായ ഹെൽപ്പർമാർക്കും വർക്കർമാർക്കും നാലായിരത്തിൽപ്പരം രൂപ മാത്രമാണ് ലഭിക്കുന്നത്. ഇതിൽ മൂവായിരം രൂപ കേന്ദ്ര സർക്കാർ നൽകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ കോൺട്രിബ്യൂഷൻ തുക എത്രയാണോ അത്രയും തുക തന്നെ സംസ്ഥാന സർക്കാർ നൽകണമെന്നുള്ളതാണ് ഐ.സി.ഡി.എസ്.

നിയമപ്രകാരം പറയുന്നത്. നിലവിൽ കേന്ദ്രസർക്കാർ മൂവായിരം രൂപ നൽകുമ്പോൾ സംസ്ഥാന ഗവൺമെന്റ് ഏകദേശം 1400 രൂപമാത്രമാണ് നൽകുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ഈ വർദ്ധനവുണ്ടായിരിക്കുന്നത്. ആദ്യവർഷം കൂട്ടി. 2013-ലും 400 രൂപ കൂട്ടി. എന്നാൽ കഴിഞ്ഞ വർഷം വർദ്ധിപ്പിച്ച 400 രൂപ ഇപ്പോഴും ജീവനക്കാർക്ക് ലഭ്യമായിട്ടില്ല എന്നുള്ള വസ്തുത നിലനിൽക്കുകയാണ്. ഇതിന് ഏതാണ്ട് 26 കോടി രൂപ വേണ്ടിവരും. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയിലും തമിഴ്നാട്ടിലും ഏകദേശം 6500 രൂപ വീതമാണ് നൽകുന്നത്. എന്നാൽ ഗോവയിലും പോണ്ടിച്ചേരിയിലും 7500 രൂപയാണ് നൽകുന്നത്. നമ്മുടെ നാട്ടിൽ വെറും 4000-ൽപ്പരം രൂപ മാത്രമാണ് നൽകുന്നത്. നമ്മുടെ നാട്ടിലെ മിനിമം കൂലി സാധാരണ ഗതിയിൽ 200 രൂപയാണ്. അതുമായി നോക്കുമ്പോൾ 6000 രൂപയെങ്കിലും ഇവർക്ക് പ്രതിമാസം വരുമാനം കിട്ടുന്ന ഒരു സാഹചര്യമുണ്ടാകണമെന്നുള്ളത് നമ്മുടെ ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. ഏറ്റവും കഷ്ടതയനുഭവിക്കുന്ന ഇവരെ പരമാവധി പരിഗണിക്കാൻ സാധിക്കണം. അതുപോലെതന്നെ ഇവരുടെ ക്ഷേമനിധി നല്ല രീതിയിൽ ഇതുവരെ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. ഏതാണ്ട് 33 കോടി രൂപയോളം ട്രഷറിയിൽ അടച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഒരു പണിയും ചെയ്യാത്ത ആളുകൾക്ക് വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്ന അതേ തുകയാണ് പണിയെടുത്ത് റിട്ടയർ ചെയ്ത ഈ വിഭാഗം ആളുകൾക്കുള്ള പെൻഷനായി ലഭിക്കുന്നത്. അതുകൊണ്ട് അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കേണ്ടതും ക്ഷേമനിധി കൂടുതൽ ഉപകാരപ്രദമാക്കേണ്ടതും

ആവശ്യമാണ്. ഇതിന് ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് വരുമെന്നുള്ള കാര്യം ഞാൻ അംഗീകരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാന്യമായ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി മറുപടി പറയുന്നതോടൊപ്പം തന്നെ ബഹുമാന്യനായ മുഖ്യമന്ത്രികൂടി ഈ കാര്യത്തിൽ ഇടപെട്ട് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെട്ടതാണ് ഇവരുടെ ഓണറേറിയം. ഇവർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാന വിഹിതമായി 450 രൂപയുടെ വർദ്ധനവ് 01-04-2011 മുതലും 400 രൂപയുടെ വർദ്ധനവ് 01-04-2013 മുതലും നൽകിയിട്ടുണ്ട്. ഇത് നിലവിലുള്ള മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്നവരല്ല. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ മിനിമം വേതനം നിർണ്ണയിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്. അംഗൻവാടി പ്രവർത്തകർക്ക് നിലവിൽ നൽകിവരുന്ന ഓണറേറിയം സംബന്ധിച്ച വിശദാംശങ്ങൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതാണ്. അതിൽ നോൺ മെട്രിക്, 10 വർഷത്തിനുമേൽ സർവ്വീസുള്ളവർക്കാണ് സംസ്ഥാന-കേന്ദ്ര വിഹിതം യഥാക്രമം 1400 രൂപയും 3000

രൂപയും ഉൾപ്പെടെ 4400 രൂപ ലഭ്യമാക്കികൊണ്ടിരിക്കുന്നത്. ഹെൽപ്പർമാർക്ക് 2900 രൂപയുമാണ്. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് 06-11-2013-ൽ കൂടിയ സംസ്ഥാനതല മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി മുഖ്യമന്ത്രിക്കും ധനകാര്യവകുപ്പു മന്ത്രിക്കും അയച്ചിട്ടുണ്ട്. മുഖ്യമന്ത്രി വളരെ അനുഭാവപൂർവ്വമാണ് ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. അതുപോലെ വെൽഫെയർ ബോർഡിനെ സ്റ്റാറ്റ്യൂട്ടറി ബോർഡാക്കാൻ തീരുമാനിച്ചു, ബില്ലിന്റെ കരട് നിലവിൽ വന്നുകഴിഞ്ഞു. ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ സ്റ്റാറ്റ്യൂട്ടറി വെൽഫെയർ ബോർഡ് നിലവിൽ വരും. അതിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, നമ്മൾ വളരെയധികം ആശ്രയിക്കുന്ന ആളുകളാണ് അംഗൻവാടി ഹെൽപ്പർമാരും വർക്കർമാരും. അവരോട് ദയാപൂർവ്വമായ ഒരു സമീപനമുണ്ടാകണമെന്നു തന്നെയാണ് പഞ്ചായത്തു വകുപ്പുമന്ത്രിയെന്നുള്ള നിലയ്ക്ക് എന്റെ അഭിപ്രായം. അതിനുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ മുഖ്യമന്ത്രികൂടി മറുപടി പറയുന്നതായിരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ളതാണ്. ഓണറേറിയത്തിൽ ഈ വർഷം വർദ്ധിപ്പിക്കുമെന്നു പറഞ്ഞ 400 രൂപ കൂട്ടിയിട്ടില്ലായെന്ന് പറഞ്ഞു. അതിനുള്ള

ഗവൺമെന്റ് ഉത്തരവ് ആയിക്കൊണ്ടിരിക്കുകയാണ്, എത്രയുംവേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതുകൂടാതെ കുറച്ചു കാര്യങ്ങൾകൂടി അവർക്കുവേണ്ടി ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. കാരണം നമ്മുടെ നാട്ടിൽ ഏറ്റവും വലിയ ഒരു സാമൂഹ്യക്ഷേമ പ്രവർത്തനമാണ് അംഗൻവാടി ഇപ്പോൾ നടത്തുന്നത്. ഏറ്റവും അർഹിക്കുന്നവർക്ക് അത് കിട്ടുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. അതുകൊണ്ട് ഇവരുടെ കാര്യത്തിൽ അനുഭാവപൂർണ്ണമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

## വിനീഷിനെതിരെയുണ്ടായ ആക്രമണം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കഴിഞ്ഞ വർഷം ഡിസംബർ 26-ാം തീയതി ജനയുഗം പത്രത്തിന്റെ കൊല്ലം എഡിഷന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ടുനടന്ന യോഗത്തിൽ പങ്കെടുത്തതിനുശേഷം എ.ഐ.വൈ.എഫ്.-ന്റെ മേഖലാ സെക്രട്ടറിയായ വിനീഷ് എന്ന ചെറുപ്പക്കാരൻ രാത്രി 8.30 മണിയോടുകൂടി കല്ലുംതാഴത്ത് എത്തിയപ്പോൾ ബൈക്കിലെത്തിയ എട്ടംഗ സംഘം മഴു ഉൾപ്പെടെയുള്ള മാരകായുധങ്ങളുമായി ആക്രമിക്കുകയും 20-ലധികം വെട്ട് വെട്ടുകയും കയ്യും കാലും ഉൾപ്പെടെയുള്ളതിന്റെ ശേഷി നഷ്ടപ്പെടുകയും ചെയ്തു. ആ ചെറുപ്പക്കാരൻ ഇപ്പോൾ കിംസ് ആശുപത്രിയിൽ ചികിത്സയിലാണ്. ഈ ആക്രമണം നടത്തിയത് എസ്.ഡി.പി.ഐ.-എൻ.ഡി.എഫ്. സംഘത്തിൽപ്പെട്ട ചെറുപ്പക്കാരാണ്. നമ്മുടെ രാഷ്ട്രീയത്തിലെ ജനാധിപത്യ സംവിധാനവും മതേതരത്വവും നഷ്ടപ്പെടാൻതക്ക തരത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾ അവിടെ ഇതിനുമുമ്പും

ഉണ്ടായിട്ടുണ്ട്. ഈ ചെറുപ്പക്കാരനെ രക്ഷിക്കാൻ ശ്രമിച്ച നാട്ടുകാരെ ബോംബ് ഉണ്ടെന്ന് ഭീഷണിപ്പെടുത്തി ഓടിക്കുകയാണ് ചെയ്തത്. ഈ സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് ശരിയായ രീതിയിലുള്ള അന്വേഷണമോ പ്രതികളെ അറസ്റ്റ് ചെയ്യാൻ വേണ്ട സംവിധാനമോ പോലീസ് ചെയ്തില്ല. നമ്മുടെ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഇത്തരം ആയുധമേന്തിയ ആക്രമണ സ്വഭാവം കൈവരുന്നത് ഒരിക്കലും ഭൂഷണമല്ല. എന്നുമാത്രമല്ല ഇങ്ങനെയുള്ള സംഭവങ്ങൾക്കെതിരെ പോലീസിലെ ഒരു വിഭാഗം ഉദ്യോഗസ്ഥർ നിഷ്ക്രിയത്വം കാണിച്ച് ഇതിനെയെല്ലാം സഹായിക്കുന്ന ഒരവസ്ഥയുണ്ടായാൽ അത് നന്നല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി മുൻകയ്യെടുത്ത് പ്രതികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും മതേതരത്വ-ജനാധിപത്യ-രാഷ്ട്രീയ സംവിധാനം കേരളത്തിൽ നിലനിൽക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 26-12-2013 രാത്രി 8.30 മണിയോടെ കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കല്ലുതാഴം ജംഗ്ഷന് സമീപം മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുനിൽക്കുകയായിരുന്ന എ.ഐ.വൈ.എഫ്. മങ്ങാട് വില്ലേജ് സെക്രട്ടറിയും 'സീറോ ഡിഗ്രി റെഡിമെയ്ഡ്' കട ഉടമയുമായ വിനീഷിനെ മുഖംമൂടി ധരിച്ച് മോട്ടോർ സൈക്കിളിലെത്തിയ ഒരു കൂട്ടം ആളുകൾ ചേർന്ന് വാളുകൊണ്ട് വെട്ടുകയും വിനീഷിന്റെ ഇരുകൈകളിലും ആഴത്തിൽ മുറിവേൽക്കുകയും വലതുകൈയിലെ ചെറുവിരൽ മുറിഞ്ഞ് വേർപെടുകയും ചെയ്തു. പരിക്കേറ്റ വിനീഷിനെ മേവറം മെഡിസിറ്റി ആശുപത്രിയിലും

അവിടെനിന്ന് വിദഗ്ദ്ധ ചികിത്സയ്ക്കായി തിരുവനന്തപുരം കിംസ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. വിനീഷിന്റെ കടയിലെ തൊഴിലാളിയായ സുജിത് കുമാറിന്റെ പരാതി പ്രകാരം കണ്ടാലറിയാവുന്ന എട്ട് പേരെ പ്രതികളാക്കി കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽ IPC 143, 147, 148, 149, 324, 326, 307 എന്നീ വകുപ്പുകളും ആംസ് ആക്റ്റിലെ 27-ാം വകുപ്പും പ്രകാരം ക്രൈം 2182/2013 ആയി കേസ് രജിസ്റ്റർ ചെയ്തു. കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് അന്വേഷണത്തിനായി കൊല്ലം സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ 11 അംഗങ്ങളുള്ള ഒരു പ്രത്യേക ടീമിനെ രൂപീകരിച്ചിട്ടുണ്ട്. ഇതിനുമുമ്പ് സമാനമായ കുറ്റകൃത്യങ്ങളിലേർപ്പെട്ടിട്ടുള്ളവരെപ്പറ്റി പരിശോധിച്ചും റെയ്ഡുകൾ നടത്തിയും സമീപത്തെ മൊബൈൽഫോൺ ടവർ വഴി വന്നിട്ടുള്ള ഫോൺ കോൾ വിവരങ്ങൾ പരിശോധിച്ചും അന്വേഷണം നടത്തിവരികയാണ്. സംഭവത്തെത്തുടർന്ന് ചാത്തനംകുളം, ചെപ്പേത്തടം, ട്രിനിറ്റി, കരീക്കോട് ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് പിക്കറ്റിംഗും ആവശ്യമായ മൊബൈൽ പട്രോളിംഗും ഏർപ്പെടുത്തി. കൂടുതൽ അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. മുമ്പ് സി.പി.ഐ. യുടെ സജീവ പ്രവർത്തകനായിരിക്കുകയും പിന്നീട് എസ്.ഡി.പി.ഐ.-യിൽ ചേർന്നതുമായ അനസ് എന്ന അനസൂദിനെയും പ്രത്യേകിച്ച് രാഷ്ട്രീയമില്ലാത്ത അനിസ്ബാരി എന്ന അദ്ധ്യാപകനെയും 22-08-2013-ൽ രാത്രി 9 മണിയോടെ ചുമടുതാങ്ങി മുക്കിനുസമീപമുള്ള തയ്ക്കാവിന് സമീപംവച്ച് മുഖംമൂടി ധരിച്ച് ബൈക്കിലെത്തിയവർ മാരകമായി വെട്ടിപരിക്കേൽപ്പിച്ചിരുന്നു. അതിന് കിളികൊല്ലൂർ

പോലീസ് സ്റ്റേഷനിൽ IPC 143, 147, 148 324, 326, 307 എന്നീ വകുപ്പുകളും **ആംസ്** ആക്ടിലെ 27-ാം വകുപ്പും പ്രകാരം ക്രൈം 1303/2013 ആയി കേസ് രജിസ്റ്റർ ചെയ്യുകയും അതുമായി ബന്ധപ്പെട്ട് സി.പി.ഐ യുടെ സജീവ പ്രവർത്തകരായ നാല് പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. റിമാൻഡി ലായ നാല് പേരും പിന്നീട് കോടതിയിൽനിന്ന് ജാമ്യം നേടി. ഈ സംഭവത്തി ലുള്ള വിരോധത്തിലാണ് പ്രദേശത്തെ സി.പി.ഐ. യുടെ സജീവ സംഘാടക നായ വിനീഷിനെ ആക്രമിച്ചതെന്ന് അനുമാനിക്കുന്നു. ഒളിവിൽ പോയ പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണസംഘം ഊർജ്ജിതമായ ശ്രമം നടത്തിവരുന്നു.

ഇത് വളരെ ഗൗരവമായ കേസാണ്. ഈ വിഷയം സംബന്ധിച്ച് ശ്രീ. പന്ന്യൻ രവീന്ദ്രൻ, ശ്രീ. കാനം രാജേന്ദ്രൻ, ശ്രീ. പ്രകാശ് ബാബു, ശ്രീ. ചന്ദ്രമോഹൻ എന്നിവരുമായി സംസാരിച്ചിരുന്നു. ഇന്നലെ സി.പി.ഐ. ജില്ലാസെക്രട്ടറി എന്നെ വന്നുകണ്ട് നിവേദനം നൽകുകയും ചെയ്തിരുന്നു. വളരെ ശക്തമായ നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. വളരെ ഭീകരമായ നിലയിലാണ് വിനീഷിനെ വെട്ടി പരിക്കേൽപ്പിച്ചത്. ഇന്ന് ഞാൻ സിറ്റി പോലീസ് കമ്മീഷണറുമായി ഈ വിഷയം സംസാരിച്ചിരുന്നു. എ.ഐ.വൈ. എഫ്. നേതാവായ വിനീഷിനെ അക്രമിച്ച കേസിലെ ഒരു പ്രതിയെ അന്വേഷണ സംഘം ഇന്ന് രാവിലെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പ്രതികളെന്ന് സംശയിക്കുന്ന മറ്റ് ചിലർ പോലീസിന്റെ നിരീക്ഷണത്തിലാണ്. ഒരു പൊതു പ്രവർത്തകനെന്ന നിലയിൽ വിനീഷിന് നേരിട്ട ഈ സംഭവം വളരെ ഗൗരവ മായിതന്നെ പോലീസ് pursue ചെയ്യുമെന്ന് ഞാൻ അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

**അശ്വതിയുടെ ദുരൂഹമരണം**

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, കഴിഞ്ഞ ഡിസംബർ മാസം 7-ാം തീയതി നേമം നിയോജകമണ്ഡലത്തിലെ സ്റ്റുഡിയോ റോഡിലെ പ്രീതാ നിവാസിൽ രതീഷിന്റെ ഭാര്യ 22 വയസുള്ള അശ്വതി, വീട്ടിലെ അടുക്കളയിൽ കത്തിക്കരിഞ്ഞ് മരണമടയുകയുണ്ടായി. അശ്വതിക്ക് അച്ഛനും അമ്മയും ഇല്ലാത്തതിനാൽ മുത്തശ്ശിയുടെ സംരക്ഷണയിലാണ് ജീവിച്ചിരുന്നത്. മൂന്ന് മാസം മാത്രം പ്രായമുള്ള കുഞ്ഞിന്റെ നിർത്താതെയുള്ള കരച്ചിൽ കേട്ട് സമീപവാസികൾ വീട്ടിൽ കടന്ന് നോക്കിയപ്പോഴാണ് അശ്വതിയുടെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ കണ്ടത്. കുഞ്ഞിന്റെ കൈവിരലുകൾക്ക് പൊള്ളലേറ്റിരുന്നു. ഈ സമയം അശ്വതിയുടെ ഭർത്താവ് രതീഷ് തൊട്ടടുത്ത മുറിയിൽ ഉറക്കത്തിലായിരുന്നു. വ്യത്യസ്ത സമുദായത്തിൽപ്പെട്ട ഇവർ മൂന്ന് വർഷം മുമ്പാണ് വിവാഹിതരായത്. പിക് അപ് വാൻ ഡ്രൈവറായ രതീഷ് മദ്യപിച്ചെത്തി അശ്വതിയെ ഉപദ്രവിക്കുന്നത് പതിവായിരുന്നുവെന്ന് ബന്ധുക്കളും നാട്ടുകാരും പോലീസിനോട് പറഞ്ഞിരുന്നു. അശ്വതിയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്നും ശക്തമായ അന്വേഷണം വേണമെന്നുമുള്ള ആവശ്യം നേമം പോലീസ് നിരാകരിച്ചതിനെത്തുടർന്ന് നാട്ടുകാർ യോഗം ചേർന്ന് ആക്ഷൻ കൗൺസിൽ രൂപീകരിച്ച് അധികൃത സ്ഥാനങ്ങളിൽ പരാതി നൽകിയെങ്കിലും നാളിതുവരെ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ 2014 ജനുവരി മാസം 2-ാം തീയതി അശ്വതിയുടെ ദുരൂഹ മരണത്തിൽ അന്വേഷണം നടത്താത്തതിൽ പ്രതിഷേധിച്ച് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സ്ഥലം എം.എൽ.എ, കൗൺസിലർമാർ

എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രവർത്തകർ, അശ്വതിയുടെ ബന്ധുക്കൾ, സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള നാട്ടുകാർ തുടങ്ങി നൂറ് കണക്കിനാളുകൾ നേമം പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തുകയുണ്ടായി. മൂന്ന് മാസം പ്രായമായ കുട്ടിയും ആ മാർച്ചിൽ പങ്കെടുത്തിരുന്നു. അശ്വതിയുടെ ദുരൂഹമരണത്തിന് ദൃക്സാക്ഷിയായ ആളിനെ ചോദ്യം ചെയ്യാൻപോലും പോലീസ് തയ്യാറായില്ലെന്ന വ്യാപകമായ പരാതിയുണ്ട്. അശ്വതിയുടെ ഭർത്താവ് രതീഷും ബ്ലേഡ് മാഫിയകളിൽ ഉൾപ്പെട്ട ചിലരും തമ്മിലുള്ള വഴിവിട്ട ബന്ധങ്ങളും അശ്വതിയുടെ ദുരൂഹ മരണത്തിന് കാരണമായതായും ബന്ധുക്കളും നാട്ടുകാരും ഉറച്ച് വിശ്വസിക്കുന്നുണ്ട്. അശ്വതി അഗ്നിക്കിരയായി മരണപ്പെട്ട ദിവസം രാത്രി ബിനു എന്ന ഓട്ടോ ഡ്രൈവർ രതീഷിനോടൊപ്പമുണ്ടായിരുന്നതായി നാട്ടുകാർ പറയുന്നു. അശ്വതിയുടെ ദൂരൂഹ മരണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് പോലീസിന്റെ ഭാഗത്തുനിന്ന് കുറ്റകരമായ അനാസ്ഥയും അലംഭാവവുമാണെന്നുള്ളത് വസ്തുതയാണെന്നിരിക്കെ രണ്ട് പിഞ്ചു കുഞ്ഞുങ്ങളുടെ അമ്മയായ 22 വയസ്സ് മാത്രം പ്രായമുള്ള അശ്വതിയുടെ ദുരൂഹമരണത്തെ സംബന്ധിച്ച് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നേമം പോലീസ് സ്റ്റേഷൻ പരിധിയിലെ നേമം സ്റ്റുഡിയോ റോഡിൽ ശാന്തി എന്ന സ്ത്രീയുടെ വക മേക്കേവിള പുത്തൻവീട്ടിൽ വാടകയ്ക്ക് താമസിച്ചുവരുന്ന രതീഷിന്റെ ഭാര്യയും രണ്ടര വയസും ആറ് മാസവും പ്രായമുള്ള രണ്ട് കുട്ടികളുടെ മാതാവുമായ 23 വയസുള്ള അശ്വതിയെ

വീട്ടിനുള്ളിൽ അടുക്കള ഭാഗത്ത് തീ കത്തി മരിച്ച നിലയിൽ 07–12–2013–ന് പുലർച്ചെ നാല് മണിയോടെ കാണപ്പെട്ടു. അശ്വതിയുടെ പിതൃ സഹോദരൻ യമുനകുമാറിന്റെ മൊഴി പ്രകാരം Cr.PC 174–ാം വകുപ്പുപ്രകാരം ക്രൈം 1774/13 ആയി കേസ് രജിസ്റ്റർ ചെയ്തു. കുഞ്ഞിന്റെ നിർത്താതെയുള്ള കരച്ചിൽ കേട്ട വീട്ടുടമ അടുക്കള ഭാഗത്ത് തുറന്നുകിടന്ന വാതിലിലൂടെ നോക്കിയപ്പോൾ അശ്വതിയുടെ കത്തിക്കരിഞ്ഞ മൃതദേഹം നിലത്തുകിടക്കുന്നതായി കാണുകയായിരുന്നു. ഈ സമയം വീട്ടുടമ അകത്തുകയറി മൃതദേഹത്തിനരികിൽ കരഞ്ഞുകൊണ്ടിരുന്ന കുഞ്ഞിനെയെടുത്ത് മറ്റൊരു മുറിയിൽ ഉറങ്ങുകയായിരുന്ന അശ്വതിയുടെ ഭർത്താവിനെ വിളിച്ചുണർത്തി വിവരം പറഞ്ഞതായിട്ടാണ് അറിവായിട്ടുള്ളത്. അശ്വതിയുടെ വിവാഹം കഴിഞ്ഞ് നാലര വർഷമേ ആയിട്ടുള്ളൂവെന്നതിനാൽ തിരുവനന്തപുരം അഡീഷണൽ എൽ.എ. യൂണിറ്റ് തഹസീൽദാരുടെ സേവനം വിനിയോഗിച്ച് ഫോർട്ട് എ.സി., നേമം സി.ഐ. എന്നിവരുടെ സാന്നിധ്യത്തിൽ ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി മൃതദേഹം ബന്ധുക്കൾക്ക് വിട്ടു കൊടുത്തു. അശ്വതിയുടെ ശരീരത്തിൽ 72 ശതമാനം തീപ്പൊള്ളലേറ്റിരുന്നതായും അതാണ് മരണകാരണമെന്നും എക്സ്റ്റേണൽ വയലൻസിന്റെ ലക്ഷണങ്ങളില്ലായിരുന്നുവെന്നും പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർമാർ അഭിപ്രായപ്പെട്ടു. വിഷ പദാർത്ഥമോ മയക്കുമരുന്നുപോലുള്ള സാധനമോ ബലപ്രയോഗത്തിലൂടെ നൽകിയതായ ലക്ഷണങ്ങൾ കണ്ടില്ലെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടു. ഈ കേസിന്റെ പ്രാഥമിക അന്വേഷണം നേമം എസ്.ഐ. നടത്തിവരവെ മരണത്തിൽ ദുരൂഹതയുള്ളതായി ആരോപണമുണ്ടായതി

നാൽ വിഴിഞ്ഞം കോസ്റ്റൽ സി.ഐ. ശ്രീ. ബിജുവിന്റെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക സംഘത്തെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയുണ്ടായി. രതീഷിനെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തുകയും അദ്ദേഹം പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം നടത്തുകയും ചെയ്തെങ്കിലും അശ്വതിയുടെ മരണം സംബന്ധിച്ച് രതീഷിൽനിന്ന് സംശയിക്കത്തക്ക തെളിവുകളൊന്നും ലഭിച്ചിട്ടില്ല. അശ്വതിയുടെ ആറ് മാസം പ്രായമുള്ള കുഞ്ഞിന്റെയും രതീഷിന്റെയും കൈവിരലിൽ ചെറിയ പൊള്ളൽ ശ്രദ്ധയിൽപ്പെട്ടിരുന്നതിനാൽ ഇരുവരെയും പോലീസ് സർജനെക്കൊണ്ട് പരിശോധിപ്പിച്ചെങ്കിലും അന്വേഷണത്തിനുതകുന്ന തെളിവുകൾ ലഭിച്ചിട്ടില്ല. വീടിന്റെ പരിസരത്തുള്ള മുപ്പതിലേറെ ആളുകളുടെ മൊഴി രേഖപ്പെടുത്തിയും മറ്റും അശ്വതിയുടെ മരണത്തിലെ ദുരൂഹത കണ്ടെത്തുന്നതിന് പ്രത്യേക അന്വേഷണസംഘം ഊർജ്ജിതമായ ശ്രമം നടത്തിവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമെങ്കിൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മുപ്പതിലേറെ ആളുകളെ ചോദ്യം ചെയ്തശേഷം വൈരുദ്ധ്യമായ മൊഴികൾ വന്ന സാഹചര്യത്തിൽ നാല് പേരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോടതിയുടെ അനുവാദം തേടിയിരിക്കുകയാണ്. എല്ലാ രാഷ്ട്രീയ കക്ഷികളും എം.എൽ.എ. – മാരും കൂടി ചേർന്ന് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ മാർച്ച് ഉൾപ്പെടെയുള്ള ബഹുജനപ്രക്ഷോഭം നടന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ വി. ശിവൻകുട്ടി സൂചിപ്പിച്ചത് ശരിയാണ്. പോലീസ് ഗൗരവപൂർവമാണ് ഈ

കേസ് എടുത്തിരിക്കുന്നത്. ആവശ്യമെങ്കിൽ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുള്ള നടപടികൾ പിന്നീട് സ്വീകരിക്കുന്നതാണ്.

## പ്രേം നസീറിന്റെ സ്മാരകം

ശ്രീ. പാലോട് രവി: സർ, സഭയുടെ ഒന്നടങ്കമുള്ള വികാരമാണ് ഞാൻ പ്രകടിപ്പിക്കുന്നത്. ഇന്നും നമ്മുടെ മനസ്സിൽ മായാതെ നിൽക്കുന്ന കാല്പനിക സൗന്ദര്യത്തിന്റെ പൂർണ്ണതാരൂപമാണ് പ്രേം നസീർ. ജനമനസ്സുകളിൽ ചലച്ചിത്രകലയെ സംഗീതമാക്കി സാധാരണ ജനങ്ങളുടെയും കലാസ്വാദകരുടെയും മനസ്സിൽ നിത്യ ആകർഷണമാക്കി നിലനിർത്തിയ അതുല്യ നടനായ പ്രേം നസീറിന്റെ സ്മാരകം ഉണ്ടാക്കണമെന്ന് മാറി മാറി വന്ന ഗവൺമെന്റുകൾ ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് 25 വർഷം കഴിഞ്ഞു. ഇതുവരെയും അദ്ദേഹത്തിന്റെ ഒരു സ്മാരകം തലസ്ഥാനനഗരിയിൽ ഉണ്ടായിട്ടില്ല. നിത്യഹരിത നായകനെ നിത്യവിസ്മൃതനാക്കരുത് എന്നാണ് എനിക്ക് ഈ സഭയോട് അപേക്ഷിക്കാനുള്ളത്. നിത്യഹരിത നായകനാണ് പ്രേം നസീറെന്ന് എല്ലാവരും പ്രഖ്യാപിച്ചിരിക്കുകയാണ്. അദ്ദേഹത്തെ നിത്യവിസ്മൃതനാക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ഏറ്റവും മുന്തിയ പരിഗണന നൽകി തലസ്ഥാന നഗരിയിൽ പ്രേം നസീറിന് സ്മാരകം പണിയാൻ സ്ഥലവും അതിനാവശ്യമായ ഫണ്ടും അനുവദിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഈ സഭയുടെ പൊതുവികാരമായി ഇതിനെ ഏറ്റെടുക്കണമെന്ന് ഞാൻ വിനീതമായി മുഖ്യമന്ത്രിയോടും വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. പാലോട് രവി പറഞ്ഞത് പൂർണ്ണമായും ശരിയാണ്. പ്രേം നസീറിനെ കണ്ടുകൊണ്ടാണ് നമ്മളൊക്കെ സിനിമ കണ്ടുതുടങ്ങിയത്. ഒരു കാലഘട്ടത്തിൽ പ്രേം നസീറിനെയും സത്യനെയുമാണ് മലയാള സിനിമയുടെ മുഖമായി കണ്ടത്. പ്രേം നസീറിനെ നിത്യഹരിതനായകനെന്ന് നമ്മൾ പ്രശംസിക്കാറുണ്ട്. കേരളത്തിലെ സിനിമാ രംഗത്ത്, ഒരു കാലഘട്ടത്തിലെ നിറസാന്നിദ്ധ്യമായിരുന്ന പ്രേംനസീറിന്റെ പൂർണ്ണകായ പ്രതിമ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള ധനസഹായ ത്തിനായി തിരുവനന്തപുരം ഫിലിം ഫ്രെട്ടേണിറ്റിയ്ക്കുവേണ്ടി ശ്രീ. സുരേഷ്ഗോപിയുടെ അപേക്ഷ കിട്ടുകയുണ്ടായി. അപേക്ഷ പരിശോധിച്ച് 15/06/2012-ൽ 10 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പക്ഷേ, പ്രതിമാ സ്ഥാപനം മുന്നോട്ട് പോയിട്ടില്ല. പ്രേം നസീർ ഫൗണ്ടേഷനും ഗവൺമെന്റും കേരള ഫിലിം ചേമ്പർ ഓഫ് കോമേഴ്സും ചേർന്ന് അദ്ദേഹത്തിന്റെ 25-ാം ചരമവാർഷികം ജനുവരിയിൽ ആഘോഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇപ്പോഴുള്ള പ്രശ്നം, പ്രതിമ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കുന്നില്ലെന്നുള്ള താണ്. സുപ്രീം കോടതി വിധി പ്രകാരം റോഡിന്റെ വശങ്ങളിലോ ജംഗ്ഷ നിലോ പ്രതിമ സ്ഥാപിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് പല പ്രതിമ കളും സ്ഥാപിക്കാൻ സ്ഥലം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഏതായാലും ഇത് വളരെ ഗൗരവമായ കാര്യമാണ്. പ്രതിമ സ്ഥാപിക്കാൻ ഗവൺമെന്റ് സ്ഥലം അന്വേഷിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ കൂടി മുൻകൈ എടുത്ത് ഉചിതമായ സ്ഥലം നിർദ്ദേശിച്ചാൽ ഗവൺമെന്റ് അനുവദിക്കുന്ന

താണെന്ന് മാത്രമല്ല പ്രതിമ നിർമ്മാണത്തിനാവശ്യമായ 10 ലക്ഷം രൂപയ്ക്ക് പുറമെ ആവശ്യമെങ്കിൽ പണം സമാഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായിരിക്കും.

## സെസ്സ് പിരിച്ചെടുക്കൽ

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ സബ്മിഷൻ എഴുതിക്കൊടുത്ത രീതിയിലല്ല അച്ചടിച്ച് വന്നിരിക്കുന്നത്. വ്യാപാരികളിൽ നിന്നും പിരിച്ചെടുക്കേണ്ട സെസ്സ് എന്നതിനുപകരം തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കേണ്ട സെസ്സ് എന്നാണ് അച്ചടിച്ചിരിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്ന് കരുതുന്നു. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി അടിയന്തരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2009 ജൂലൈ 23-ാം തീയതിയാണ് ഈ സഭയിൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കിയത്. കേരള സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, രത്നം, മുത്ത് എന്നിവ ഉപയോഗിച്ച് ആഭരണം ഉണ്ടാക്കുന്നവരുടെ സംരക്ഷണത്തിനുവേണ്ടിയാണ് ഈ ക്ഷേമനിധി ബിൽ രൂപീകരിച്ചത്. നിയമത്തിലെ വ്യവസ്ഥയനുസരിച്ച് 18 മുതൽ 55 വയസ്സ് വരെയുള്ള എല്ലാ തൊഴിലാളികൾക്കും പദ്ധതിയിൽ അംഗമാകാം. ഒരു തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കണം. ഒരു ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ആഭരണ വ്യാപാരികൾ വിറ്റുവരവിന്റെ 0.25 ശതമാനം സെസ്സായി അടയ്ക്കേണ്ടതാണ്. ഈ സെസ്സ് സർക്കാർ പിരിച്ചെടുത്ത്, അതിൽ നിന്ന് തൊഴിലാളികളുടെ അംശദായത്തിന്റെ 5 ശതമാനം സംഖ്യ ക്ഷേമനിധിയിലേയ്ക്ക് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഇപ്പോൾ 12000-ത്തോളം തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. എന്നാൽ വ്യാപാരികളിൽ നിന്നും ഒരുപൈസ പോലും സർക്കാർ പിരിച്ചെടുത്തിട്ടില്ല. ഇതുകാരണം ക്ഷേമനിധിയുടെ പ്രവർത്തനം നടക്കുന്നില്ല. അതിന്റെ ഭാഗമായി തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്ന് കിട്ടേണ്ട ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്ന് മാത്രമല്ല, തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ ചേരാൻ വൈമുഖ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ക്ഷേമനിധി ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ശമ്പളം കൊടുക്കാത്തതിന് മനുഷ്യാവകാശ കമ്മീഷൻ രൂക്ഷമായി വിമർശിച്ചിരിക്കുകയാണ്. തൊഴിളികൾക്ക് ക്ഷേമനിധിയിൽ നിന്ന് ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. അതുകൊണ്ട് നിയമം നിർദ്ദേശിച്ചതനുസരിച്ചുള്ള സെസ്സ് പിരിച്ചെടുത്ത് ക്ഷേമനിധി പ്രവർത്തനം സജീവമാക്കി തൊഴിലാളികൾക്ക് ആനൂകൂല്യങ്ങൾ നൽകുന്നതിനും 60 വയസ് കഴിഞ്ഞ എല്ലാ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനുമുള്ള സമീപനം കൈക്കൊള്ളണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ഈ ക്ഷേമനിധി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്. 2009-ലാണ് ഈ ക്ഷേമനിധി ബിൽ കേരള നിയമസഭ പാസ്സാക്കിയത്. അതിനുശേഷം ഇടതുപക്ഷ ഗവൺമെന്റിന്റെ കാലഘട്ടത്തിലും കാര്യമായിട്ടൊന്നും ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി നടപ്പിലാക്കുന്നതിനുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കാരണം അദ്ദേഹം സൂചിപ്പിച്ചതുപോലെ, ഇന്റർഷൻ ഓഫ്

ദ ബിൽ 0.25 ശതമാനം കളക്ട് ചെയ്യണമെന്ന് പറഞ്ഞിരുന്നതാണെങ്കിലും ഡെഫനിഷൻ വന്നപ്പോൾ സെയിൽസ് പ്രൊസീഡ്സ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ വാങ്ങുന്നതും വിൽക്കുന്നതും ബാധകമായിവരും. ബിൽ അനുസരിച്ചാണെങ്കിൽ 0.5 ശതമാനം കളക്ട് ചെയ്യണമെന്നുള്ള പ്രശ്നമുണ്ട്. അത് സങ്കീർണ്ണമായ പ്രശ്നമാണ്. നിയമസഭയിൽ ഭേദഗതി കൊണ്ടുവന്ന് ഇന്റൻഷൻ ഓഫ് ദ ബിൽ അനുസരിച്ച് മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതേസമയം എന്താണോ ബിൽ അനുശാസിക്കുന്നത് ആ നിലയിൽ പിരിച്ചെടുക്കാനുള്ള നോട്ടീസ് അയയ്ക്കണമെന്ന് കർക്കശമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനുമായി ബന്ധപ്പെട്ട് കൂടുതൽ വിശദാംശങ്ങൾ അന്വേഷിച്ചപ്പോൾ കേവലം 30 പേർക്ക് മാത്രമേ നോട്ടീസ് നൽകിയിട്ടുള്ളുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത് ഗുരുതരമായ കൃത്യവിലോപമായി തന്നെ കാണുന്നു. ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടും എന്തുകൊണ്ടാണ് പിരിവിൽ അമാന്തം കാണിച്ചുവെന്നുള്ളതിനെ കുറിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ഇപ്പോൾ ബിൽ അനുശാസിക്കുന്ന നിലയിൽ മുമ്പോട്ട് പോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ശാശ്വതമായ പരിഹാരത്തിന് ഭേദഗതി വേണ്ടിവരുമെന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

**ടീച്ചിംഗ് – നോൺ ടീച്ചിംഗ് സ്റ്റാഫ് നിയമനം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കേരളത്തിൽ പുതിയതായി അനുവദിച്ച 12 കോളേജുകളിൽ 8 എണ്ണം പ്രവർത്തനക്ഷമമായിരിക്കുകയാണ്. ഇതിൽ 10 കോളേജുകളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ഓരോ ക്ലാർക്കിനെ മാത്രമാണ് നിയമിച്ചിട്ടുള്ളത്. പ്രിൻസിപ്പൽമാരെയോ, അദ്ധ്യാപ

കരെയോ, മിനിസ്റ്റീരിയൽ സ്റ്റാഫിനെയോ നിമയിച്ചിട്ടില്ല. ക്ലാസ്സുകൾ എടുക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് ഇതുവരെ വേതനം നൽകിയിട്ടില്ല. കൊളീജിയേറ്റ് ഡയറക്ടറേറ്റിൽ നിന്ന് ഇതു സംബന്ധിച്ച് ഒരു പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ യാതൊരു തീരുമാനവുമായിട്ടില്ല. സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവരിൽ മൂന്നുപേർ റിട്ടയർ ചെയ്തവരാണ്. ഇവരുടെ ശമ്പളത്തിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഗവൺമെന്റിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ആരംഭിച്ച താനൂർ ഗവൺമെന്റ് കോളേജിൽ അഞ്ച് കോഴ്സുകളിലായി പന്ത്രണ്ട് ഗസ്റ്റ് ലക്ചറർമാരാണ് ജോലി ചെയ്യുന്നത്. ഗവൺമെന്റ് കോളേജിൽ നിന്നും റിട്ടയർ ചെയ്ത ഒരു പ്രിൻസിപ്പലാണ് സ്പെഷ്യൽ ഓഫീസറായി പ്രവർത്തിക്കുന്നത്. ഗസ്റ്റ് ലക്ചറർമാർക്ക് വേതനം നൽകുന്നതിനും സ്പെഷ്യൽ ഓഫീസർമാർക്ക് റെമ്യൂണറേഷൻ നൽകുന്നതിനും ആവശ്യമായ അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 2013-14 ബഡ്ജറ്റ് ചർച്ചയിലെ മറുപടി പ്രസംഗത്തിൽ സർക്കാർ എയ്ഡഡ് മേഖലയിൽ കോളേജുകളില്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജകമണ്ഡലങ്ങളിലും ആട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ കോളേജുകൾ നിലവിലില്ലാത്ത 22 നിയോജകമണ്ഡലങ്ങളിൽ താനൂർ, കൊടുവള്ളി, കൊണ്ടോട്ടി, മങ്കട, ബാലുശ്ശേരി, തൃത്താല, ചേലക്കര, കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ, നെയ്യാറ്റിൻകര എന്നീ 11 മണ്ഡലങ്ങളിൽ ഗവൺമെന്റ് ആട്സ് & സയൻസ് കോളേജുകൾ സർക്കാർ

അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 11 മണ്ഡലങ്ങളിലേയും കോളേജുകളിലെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ മാരെ നിയമിക്കുകയും കാലിക്കറ്റ് യുണിവേഴ്സിറ്റിയിൽ കോഴ്സ് അഫിലി യേഷൻ നടത്തിയ താനൂർ, കൊടുവള്ളി, കൊണ്ടോട്ടി, മങ്കട, ബാലുശ്ശേരി, തൃത്താല, ചേലക്കര എന്നീ ഏഴ് മണ്ഡലങ്ങളിലെ കോളേജുകളിൽ അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. താനൂർ ഗവൺമെന്റ് കോളേ ജിലെ അദ്ധ്യാപക നിയമനത്തിന്റെ ശുപാർശ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയത് 35063/എഫ്2/13/ഹയർ എഡ്യൂക്കേഷൻ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. നിലവിലുള്ള അദ്ധ്യാപകരിൽ നിന്നും ഈ കോളേജിലേയ്ക്ക് വിന്യാസത്തിന് സാധിക്കുമോയെന്നും അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടോയെന്ന് റിപ്പോർട്ട് ചെയ്യാനും ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ധനകാര്യവകുപ്പുമായി ആലോചിച്ച് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കോളേ ജുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യവകുപ്പിന്റെ അനുമതിയോടുകൂടി മന്ത്രിസഭാ യോഗ പരിഗണനയ്ക്ക് സമർപ്പിക്കുന്നതി നായി മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി ഫയൽ സമർപ്പിച്ചിട്ടുണ്ട്. താനൂർ ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ ശുപാർശ ധനകാര്യവകുപ്പിന്റെ അഭിപ്രായപ്രകാരം പരിശോധിക്കുകയും ധനകാര്യവകുപ്പ് ആവശ്യപ്പെട്ട പ്രകാരം താനൂർ ഗവൺമെന്റ് കോളേജിൽ ആരംഭിച്ച ഓരോ കോഴ്സി ന്റെയും സാങ്ഷൻ ഇൻടേക്കും ആക്ചൽ ഇൻടേക്കും അറിയിക്കണമെന്ന്

ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾക്ക് ഡയറക്ടർ വ്യക്തമായ മറുപടി നൽകാത്തതിനാൽ ഏത് മാനദണ്ഡത്തിലാണ് പുതിയതായി തസ്തികകൾ അനുവദിക്കുന്നതെന്ന വിവരമറിയിക്കാനും ആയത് ലഭ്യമാക്കി മറുപടി ലഭ്യമാക്കണമെന്നും ഡയറക്ടറോട് വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ധനകാര്യവകുപ്പുമായി ആലോചിച്ച് അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. താനൂർ, മങ്കട, കൊണ്ടോട്ടി എന്നീ കോളേജുകളിൽ നിയമിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസർമാരെ വിടുതൽ ചെയ്ത് പകരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകിയ ശുപാർശ ധനകാര്യവകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും അനുകൂലമായ മറുപടി ലഭ്യമാകാത്തതിനാലും പുതിയതായി അനുവദിച്ച കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കാതിരിക്കുന്നത് കോളേജുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും ധനകാര്യവകുപ്പിന്റെ നിർദ്ദേശത്തിൽ ഇളവുകൾ വരുത്തി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ അംഗീകരിക്കുന്ന കാര്യത്തിൽ അനുമതിക്കായി ഫയൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിരിക്കുകയാണ്.

## സാമ്പത്തിക ക്രമക്കേട്

ശ്രീ. കെ. മുരളീധരൻ: സർ, തിരുവനന്തപുരത്തെ കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടന്ന കോടികണക്കിന് രൂപയുടെ പണാപഹരണത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും നിക്ഷേപകർക്ക് തുക തിരികെ ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഈ

സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ നടന്ന ഏറ്റവും വലിയ സാമ്പത്തിക ക്രമക്കേടാണ് തിരുവനന്തപുരം റ്റി.777 നം. കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അക്കൗണ്ടിൽ ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടന്ന ആഡിറ്റിലൂടെ പുറത്തുവന്നിരിക്കുന്നത്. സഹകരണ വകുപ്പിന്റെ പ്രാഥമിക റിപ്പോർട്ട് പ്രകാരം 11 കോടിയോളം രൂപ അപഹരിച്ചതായിട്ടാണ് കണക്ക്. ഇതിന്റെ വ്യാപ്തി 20 കോടി രൂപയോളം വരുമെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സർക്കാർ സ്ഥാപനത്തിന്റെ സൽപ്പേര് ദുരുപയോഗം ചെയ്യുക എന്ന ഗൂഢലക്ഷ്യത്തോടെ ആ സ്ഥാപനത്തിലെ ജീവനക്കാരുടെ സഹകരണ സംഘം രൂപീകരിച്ച് പൊതുജനത്തിനെ കബളിപ്പിച്ചുവെന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. കെ.എസ്.എഫ്.ഇ.യുടെ സ്ഥാപനമെന്ന വിശ്വാസത്തിൽ ഇവിടെ പണം നിക്ഷേപിച്ച സാധാരണക്കാർ കബളിപ്പിക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ സഹകരണവകുപ്പിന്റെ ആഡിറ്റിംഗിനായി ചില ജീവനക്കാരെ മാത്രം പ്രത്യേകമായി നിയോഗിച്ചുവെന്ന ആരോപണവും അന്വേഷിക്കേണ്ടതുണ്ട്. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ വകയായി ബാങ്കിൽ നിക്ഷേപിച്ചിരുന്ന 4 കോടി രൂപ കണക്കിൽ കാണിക്കാതെ അനധികൃതമായി പിൻവലിച്ചിരിക്കുന്നു. ബാങ്കിൽ നിക്ഷേപിച്ചതായി കണക്കുകളിൽ കാണുന്ന 7 കോടി രൂപ യഥാർത്ഥത്തിൽ ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല. സ്ഥിര നിക്ഷേപങ്ങളിൽ നിന്ന് യഥാർത്ഥ നിക്ഷേപകരറിയാതെ 600-ൽപ്പരം വായ്പകളെടുത്തിരിക്കുന്നു. വ്യാജ വായ്പകൾ മാത്രം 5 കോടി രൂപയിൽപ്പരം വരും. കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പളത്തിൽ

നിന്നും വായ്പ തിരിച്ചടവായി പിടിച്ച തുകകൾ കണക്കിൽ വകകൊള്ളിച്ചിട്ടില്ല. ഇതിനുപുറമേ ഇതേ സംഘത്തിന്റെ പേരിൽ വ്യാജ രേഖകൾ ചമച്ച് സംഘത്തിന്റെ ഭാരവാഹികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വൻ തുകകൾ കൈക്കലാക്കിയിട്ടുണ്ട്. 2009–2010 വർഷത്തിൽ നടന്ന ഓഡിറ്റ് റിപ്പോർട്ട് പ്രകാരം രണ്ടേകാൽ കോടി രൂപയുടെ നഷ്ടം കണക്കാക്കിയെങ്കിലും അന്ന് യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് ഈ ക്രമക്കേടുകളിൽ ബന്ധപ്പെട്ട ഭാരവാഹികളുടെയും ഉന്നതരുടെയും പങ്കാളിത്തം വ്യക്തമാക്കുന്നു. ഈ ക്രമക്കേടുകളെപ്പറ്റി പത്രമാധ്യമങ്ങളിൽ വാർത്ത വരികയും ഞാനുൾപ്പെടെയുള്ള ജനപ്രതിനിധികൾ ഈ വിഷയത്തിൽ ഇടപെടുകയും ചെയ്തതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ക്രൈം ബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരുന്നു. വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ കേസ് ക്രൈം ബ്രാഞ്ച് സംഘം ഏറ്റെടുത്തുവെങ്കിലും ഒരു താൽക്കാലിക ജീവനക്കാരനെ മാത്രമാണ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടുള്ളത്. വളരെ ഗൗരവപൂർവ്വം ഈ വിഷയത്തെ കാണണം. സർക്കാർ സ്ഥാപനമായ കെ.എസ്.എഫ്.ഇ.യുടെ പേര് ദുരുപയോഗം ചെയ്യത്തക്ക രീതിയിൽ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരും സഹകരണ സംഘത്തിന്റെ ഭരണം കുത്തകയായി വച്ചിട്ടുള്ള നേതൃത്വവും കൂട്ടുചേർന്നുകൊണ്ട് നടത്തിയ ഒരു പകൽകൊള്ളയാണ് ഇവിടെ നടന്നത്. കെ.എസ്.എഫ്.ഇ.യുടെ സ്ഥാപനമെന്ന് തെറ്റിദ്ധരിച്ച് തങ്ങളുടെ സമ്പാദ്യം മുഴുവൻ ഇവിടെ നിക്ഷേപിച്ച നൂറുകണക്കിന് സാധാരണക്കാർക്ക് ഇന്ന് ജീവിതം വഴിമുട്ടി നിൽക്കുകയാണ്. പ്രതിമാസ വരുമാനത്തിനായി തങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മുഴുവൻ ഇവിടെ നിക്ഷേപിച്ച ഹതഭാഗ്യർ ഇന്ന് നിരവധിയുണ്ട്. കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ–ഓപ്പറേ

റ്റീവ് സൊസൈറ്റിയിൽ നടന്ന ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണം പ്രഹസനമാക്കി മാറ്റി യഥാർത്ഥ കുറ്റവാളികളെ രക്ഷപ്പെടാൻ അനുവദിക്ക രുത്. ഇത് വലിയ ഗൗരവമുള്ള ഒരു കാര്യമാണ്. ഒരു കൂട്ട ആത്മഹത്യയിൽ നിന്നും ഒരുപാട് ആളുകളെ രക്ഷിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സ്റ്റാഫ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേടു കൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സഹകരണവകുപ്പുതല ത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഏകദേശം 11 കോടി രൂപ യുടെ ധനാപഹരണം നടന്നതായി കണ്ടെത്തുകയുണ്ടായി. ധനാപഹരണ ത്തിന് ഉത്തരവാദികളെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ഭരണ സമിതി അംഗങ്ങൾക്കും ജീവനക്കാർക്കുമെതിരെ ഡയറക്ടർ ജനറൽ പോലീസ്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവർക്ക് തുടർ അന്വേഷണത്തിനായി സഹകരണവകുപ്പ് പരാതി നൽകി. അതോടൊപ്പം തന്നെ 2004 മുതലുള്ള സംഘത്തിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുകയും ഭര ണചുമതല വഹിച്ചിരുന്ന 5 സഹകരണവകുപ്പ് ഉദ്യോഗസ്ഥരെ അന്വേഷണവി ധേയമായി സസ്പെന്റ് ചെയ്യുകയുമുണ്ടായി. സംഘത്തിൽ നടന്ന സാമ്പ ത്തിക ക്രമക്കേട് സംബന്ധിച്ച് കേരള സഹകരണനിയമം വകുപ്പ് 66 പ്രകാരം നടത്തിയ പരിശോധനയിൽ ആകെ 16.75 കോടി രൂപയുടെ പണാപഹരണം നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സംഘത്തിൽ നടന്ന പണാപഹരണം സംബ

ന്ധിച്ച ഉത്തരവാദിത്വം സംഘത്തിന്റെ ഭരണചുമതലയുള്ള അതാത് കാലങ്ങളിലെ ഭരണസമിതിക്കായതിനാൽ സംഘത്തിലെ അന്വേഷണം പൂർത്തിയാക്കി ബാദ്ധ്യത തിട്ടപ്പെടുത്തുന്നതുവരെ 17-04-2004 മുതൽ 10-01-2013 വരെ സംഘത്തിന്റെ ഭരണസമിതി അംഗങ്ങളായിരുന്ന കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകുന്നതും, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതും നിർത്തിവയ്ക്കുന്നതിനായി കെ.എസ്. എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് സഹകരണ സംഘം രജിസ്ട്രാർ കത്ത് നൽകിയതിന്റെയടിസ്ഥാനത്തിൽ മുൻ ഭരണസമിതി അംഗങ്ങളും ഭാരവാഹികളുമായിരുന്ന 24 കെ.എസ്.എഫ്.ഇ. ജീവനക്കാർ/മുൻജീവനക്കാർ എന്നിവരുടെ മുതലുകൾ, ആസ്തികൾ എന്നിവയിന്മേൽ ഇടപാടുകൾ നടത്തുന്നത് തടഞ്ഞുകൊണ്ട് കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ, പണാപഹരണത്തിന് പ്രധാന ഉത്തരവാദിയായി കണ്ടെത്തിയിട്ടുള്ള സംഘത്തിലെ താൽക്കാലിക ജീവനക്കാരനായ ശ്രീ. രവിശങ്കറിന്റെ ഉടമസ്ഥതയിൽ കിളിമാനൂർ വില്ലേജിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ പോക്കുവരവ് രജിസ്ട്രാർ കത്തു നൽകിയ പ്രകാരം ചിറയിൻകീഴ് തഹസീൽദാർ റദ്ദുചെയ്തിട്ടുണ്ട്. കൂടാതെ, ശ്രീ. രവിശങ്കറിന്റെയും ബന്ധുക്കളുടെയും പേരിലുള്ള വസ്തുവകകൾ വിൽപ്പന നടത്തുകയാണെങ്കിൽ പോക്കുവരവ് ചെയ്തുകൊടുക്കരുതെന്ന് റവന്യൂ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, ശ്രീ. രവിശങ്കറിന്റെയും ഭാര്യയുടെയും പേരിൽ തിരുവനന്തപുരം, കൊല്ലം ജില്ലാ സഹകരണബാങ്കുകളിൽ വിവിധ അക്കൗണ്ടുകളുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത അക്കൗണ്ടുകൾ മരവിപ്പിക്കണമെന്നുള്ള

ക്രൈംബ്രാഞ്ചിന്റെ ആവശ്യപ്രകാരം സഹകരണ രജിസ്ട്രാർ ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംഘത്തിൽ നടന്ന ക്രമക്കേടിന്റെ വ്യാപ്തി കണക്കിലെടുത്ത് വകുപ്പു മന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തു. സംഘത്തിൽ നിന്ന് കെ.എസ്.എഫ്.ഇ. ജീവനക്കാർ എടുത്തിട്ടുള്ള മുതലും പലിശയുമടക്കം 7 കോടിയോളം രൂപ വരുന്നത് ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കിയെടുക്കാൻ കഴിയുമെന്നതിനാൽ ഒരു പ്രത്യേക പരിഗണന നൽകി തീരുമാനമുണ്ടാക്കണമെന്ന യോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് രജിസ്ട്രാർ കത്തു നൽകുകയുണ്ടായി. കൂടാതെ, 12–09–2013–ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംബ്രാഞ്ച്), സഹകരണവകുപ്പ് സെക്രട്ടറി, സഹകരണസംഘം രജിസ്ട്രാർ, കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ എന്നിവരുടെ യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും പങ്കെടുക്കുകയും പ്രധാന പ്രതിയെന്നു കാണുന്ന ശ്രീ. രവി ശങ്കറിന്റെ നിക്ഷേപത്തിൽ 3.5 കോടി രൂപ, ഇൻഷ്വറൻസ് 1 കോടി രൂപ, ടിയാന്റെ പേരിലുള്ള ഒരു കോടിയോളം രൂപ വിലവരുന്ന 16.5 സെന്റ് സ്ഥലം, ഭാര്യയുടെ പേരിലുള്ള 50 ലക്ഷത്തോളം രൂപ വിലവരുന്ന 20 സെന്റ് സ്ഥലം, 175 പവൻ സ്വർണ്ണം, വിവിധ ശാഖകളിലുള്ള ഒരു കോടിയോളം രൂപയുടെ ചിട്ടി എന്നിവ മരവിപ്പിച്ചിട്ടുള്ളതാണെന്ന് അറിയിക്കുകയുണ്ടായി.

സംഘത്തിൽ നിന്നും കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥരായ മെമ്പർമാർക്ക് കൊടുത്തിട്ടുള്ള വായ്പ തുക പലിശയടക്കം 7 കോടി രൂപ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിക്കുകയുണ്ടായി. പോലീസ് പിടിച്ചെടുത്ത ആസ്തികൾ അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് വിൽപ്പന നടത്തി തുക ഈടാക്കുന്നതിന് കേസ് പരിശോധിച്ച് ബാക്കിയുള്ള ഭരണസമിതി അംഗങ്ങളുടെ പേരിൽ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.യോട് നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി കുറ്റക്കാരെ കോടതിക്ക് മുൻപാകെ ഹാജരാക്കാനും എ.ഡി.ജി.പി.ക്ക് നിർദ്ദേശം നൽകുകയുണ്ടായി. മാത്രമല്ല, പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ആഡിറ്റ് നടത്തിയ ഒരു ഡെപ്യൂട്ടി രജിസ്ട്രാറെയും റിട്ടയർ ചെയ്ത ഒരു അസിസ്റ്റന്റ് രജിസ്ട്രാറെയും സംഘം ജീവനക്കാരനായിരുന്ന ശ്രീ. രവിശങ്കറിനെയും മുൻ സെക്രട്ടറിമാരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഘം പ്രവർത്തനം സുഗമമായി നടത്തുന്നതിന് സഹകരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘം ജീവനക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘമാണ്. പൊതുജനങ്ങളുടെ നിക്ഷേപം വാങ്ങുന്നത് നിയമാനുസൃതമല്ല. എന്നാൽ ഈ സംഘം ഉയർന്ന നിരക്കിൽ പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. കെ.എസ്.എഫ്.ഇ.യിലെ മാനേജർമാരടക്കമുള്ള ഉദ്യോഗസ്ഥരുടെ സ്വാധീനത്തിലാണ് നിക്ഷേപം സംഘം സ്വരൂപി

ച്ചിട്ടുള്ളത്. സംഘത്തിന് നഷ്ടമായ തുകകൾ ഈടാക്കുന്നതിനുവേണ്ടി ഉത്തരവാദികളുടെ ബാദ്ധ്യത നിർണ്ണയിച്ചുകൊണ്ട് വകുപ്പ് 68(1) പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. യിൽ നിന്നു ലഭിക്കുന്ന 7 കോടി രൂപ കൂടി ലഭ്യമാക്കി നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഗ്രേസ് മാർക്ക്

ശ്രീ. അൻവർ സാദത്ത്: സർ, സ്നേഹത്തിന്റേയും സാഹോദര്യ ത്തിന്റേയും സേവനത്തിന്റേയും മഹത്വം ബാല മനസ്സുകളിൽ വളർത്തിയെടു ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരളത്തിലെ എല്ലാ ഹൈസ്കൂളുകളിലും ജൂനിയർ റെഡ്ക്രോസ് പ്രവർത്തിക്കുന്നുണ്ട്. ആതുര ശുശ്രൂഷ, സന്നദ്ധ സേവനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ് ക്രോസിന്റെ കേഡറ്റുകൾ യൂണിഫോമിനും ക്യാമ്പിനുമായി സ്വന്തമായി ധാരാളം പണം ചെലവാക്കുന്നുണ്ട്. 8, 9, 10 ക്ലാസുകളിൽ വച്ചുനടത്തുന്ന എ, ബി, സി ലെവൽ പരീക്ഷ പാസ്സാകുമ്പോൾ 10-ാം ക്ലാസിലെ പരീക്ഷയ്ക്ക് കേവലം 10 മാർക്കുമാത്രമാണ് ഗ്രേസ് മാർക്കായി നൽകുന്നത്. എന്നാൽ ഇവർക്കൊപ്പം സ്കൂളുകളിൽ പ്രവർത്തിക്കുന്ന എൻ.സി.സി., സ്കൗട്ട് ആന്റ് ഗൈഡ്, എസ്.പി.സി. തുടങ്ങിയ സംഘടനകളിൽ പ്രവർത്തിക്കുന്ന കുട്ടി കൾക്ക് സൗജന്യ യൂണിഫോം ക്യാമ്പ് എന്നിവയ്ക്കുപുറമേ പത്താം ക്ലാസിൽ പൊതുപരീക്ഷയ്ക്ക് 30 മാർക്ക് ഗ്രേസ് മാർക്കായി അനുവദിക്കു ന്നുണ്ട്. സ്കൂൾ പ്രവർത്തനങ്ങളെക്കാൾ സമൂഹ നന്മയ്ക്ക് പ്രാധാന്യം

നൽകുന്ന ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് ഇതര സംഘടനകൾക്ക് നൽകുന്നതുപോലെ 30 മാർക്കെങ്കിലും ഗ്രേസ് മാർക്കും യൂണിഫോമിനും ക്യാമ്പിനും ആവശ്യമായ സാമ്പത്തിക സഹായവും നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, എൻ.സി.സി., സ്കൗട്ട് ആന്റ് ഗൈഡ്, എസ്.പി.സി. എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും 75 ശതമാനം ഹാജർ ഉള്ളതുമായ വിദ്യാർത്ഥികൾക്ക് നിലവിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 25 മാർക്ക് ഗ്രേസ് മാർക്കായി നൽകിവരുന്നു. ആതുര ശുശ്രൂഷ, സന്നദ്ധ സേവനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾ സമൂഹത്തിന് വിലപ്പെട്ട സേവനങ്ങളാണ് നൽകുന്നത്. ഇവർ എ, ബി, സി ലെവൽ പരീക്ഷകൾ പാസ്സാകുകയാണെങ്കിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 10 മാർക്ക് ഗ്രേസ് മാർക്കായി നൽകിവരുന്നു. ജൂനിയർ റെഡ്ക്രോസിന്റെ സിലബസ് ഘടന പരിഷ്ക്കരിച്ച് എൻ.ആർ.എച്ച്.എം. അല്ലെങ്കിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രവർത്തനമേഖല വ്യാപിപ്പിച്ചുകൊണ്ട് അക്കാഡമിക് സേവന മേഖലകളിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുമ്പോൾ എല്ലാ മേഖലകളിലും തുല്യത കല്പിക്കാൻ കഴിയുകയും ആയത് ഗ്രേസ് മാർക്കിൽ പ്രതിഫലിക്കുകയും ചെയ്യും. ആയതിനാൽ ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്കും എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 25 മാർക്ക് ഗ്രേസ് മാർക്കായി നൽകുന്നകാര്യവും യൂണിഫോമിനും ക്യാമ്പിനും സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്ന കാര്യവും പരിശോധിച്ച് ഉചിതമായ ശുപാർശ

സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അധികാരപ്പെടുത്തി യിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ അടിയന്തര പ്രമേയത്തിൽ കൊണ്ടുവന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് ഒരു ഉത്തരവ് മേശപ്പുറത്തുവയ്ക്കാൻ അനുവാദം ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഇപ്പോൾ ആ ഉത്തരവ് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഈ ഉത്തരവിന്റെ പകർപ്പ് ഞാൻ സ്പീക്കറുടെ അനുവാദത്തോടുകൂടി മേശപ്പുറത്തുവയ്ക്കുന്നു.

**കേരള സർക്കാർ**

സംഗ്രഹം

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് – സർക്കാരിന്റെ വിപണി ഇടപെടൽ നയം സംബന്ധിച്ച് – ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**ഭക്ഷ്യ സിവിൽ സപ്ലൈസ് (സി) വകുപ്പ്**

സ.ഉ.(സാധാ.) നം. 276/13/ഭ.സി.സ.വ. തീയതി, തിരുവനന്തപുരം: 27.08.2013

---

പരാമർശം: സ.ഉ.(സാധ) നം. 34/2013/ഭസിസവ തീയതി: 11.02.2013.

ഉത്തരവ്

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ 'വിപണിയിൽ ഇടപെടൽ' (മാർക്കറ്റ് ഇന്റർവെൻഷൻ) നയത്തിന്റെ ഭാഗമായി സാധനങ്ങൾ വിലകുറച്ച് വിൽക്കുന്നതിലൂടെ വന്നിട്ടുള്ള നഷ്ടം നികത്തുന്നതിന്

സർക്കാരിൽ നിന്നും നൽകേണ്ട തുകയെ സംബന്ധിച്ച് വ്യക്തമായ ശുപാർശകൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി പരാമർശപ്രകാരം സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത സമിതി 15-04-2013, 07-06-2013 എന്നീ തീയതികളിൽ യോഗം ചേർന്ന് സർക്കാരിന്റെ വിപണിയിടപെടൽ നയം സംബന്ധിച്ച് വ്യക്തമായ ശുപാർശകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. സമിതിയുടെ താഴെപ്പറയുന്ന ശുപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതി സപ്ലൈകോ വർഷം മുഴുവൻ തുടരുവാനും കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്, VFPCK എന്നിവയുടെ വിപണി ഇടപെടൽ പദ്ധതി ഉത്സവസീസണുകളായ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു എന്നീ സമയങ്ങളിൽ മാത്രമായി നിജപ്പെടുത്തുവാനും തീരുമാനിച്ചു. ഓരോ സീസണും ആരംഭിക്കുന്നതിന് മുൻപ് ഏതു തീയതി മുതൽ ഏത് തീയതി വരെയായിരിക്കും ഓരോ സ്ഥാപനവും വിപണി ഇടപെടൽ നടത്തുക എന്നതിന് ധനകാര്യ വകുപ്പ് കൂടി കണ്ട് ബന്ധപ്പെട്ട ഭരണ വകുപ്പ് ഉത്തരവിറക്കേണ്ടതാണ്.

2) സ്ഥാപനത്തിന്റെ ഓഡിറ്റഡ് അക്കൗണ്ട് പ്രകാരമുള്ള ആ വർഷത്തെ ആകെ നഷ്ടം, വിപണി ഇടപെടൽ പദ്ധതി വഴിയുള്ള നഷ്ടം എന്നിവ പരിശോധിച്ച് ഇവയിൽ കുറവുള്ള തുക മാത്രമേ സർക്കാർ സബ്സിഡിയായി നൽകുകയുള്ളു. ഇത് സപ്ലൈകോയ്ക്കും ബാധകമായിരിക്കും. മുൻ സാമ്പത്തിക വർഷത്തെ ഓഡിറ്റഡ് അക്കൗണ്ട് പാസ്സാക്കിയശേഷം അഡ്വാൻസായി നൽകിയ തുക തിരിച്ചുപിടിക്കേണ്ടതുണ്ടെങ്കിൽ 7-ഉം 8-ഉം

ഖണ്ഡികകൾ പ്രകാരം നൽകേണ്ടുന്ന അടുത്ത സാമ്പത്തിക വർഷങ്ങളിലെ അഡ്വാൻസ് തുകയിൽ നിന്നും ഇത് തിരിച്ചു പിടിക്കേണ്ടതാണ്.

3) സപ്ലൈകോയും കൺസ്യൂമർ ഫെഡും കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിപണി ഇടപെടൽ പദ്ധതി പ്രകാരമുള്ള പ്രൊവിഷണൽ ലാഭ നഷ്ട കണക്ക് ധനവകുപ്പിന് സമർപ്പിക്കേണ്ടതും പ്രസ്തുത തുകയുടെ 95% തുകയിൽ നിന്നും സർക്കാർ നൽകിക്കഴിഞ്ഞ സബ്സിഡി തുക കിഴിച്ചുള്ള തുക അടിയന്തിരമായി ധനവകുപ്പ് ടി സ്ഥാപനങ്ങൾക്ക് നൽകേണ്ടതുമാണ്.

4) ബാക്കി 5% തുകയ്ക്ക് ഓഡിറ്റഡ് അക്കൗണ്ട് ലഭ്യമായതിനു ശേഷം ധനകാര്യ വകുപ്പ് അനുമതി നൽകുന്നതാണ്.

5) നടപ്പു സാമ്പത്തിക വർഷം മുതൽ സാമ്പത്തിക വർഷാദ്യം ബന്ധപ്പെട്ട സ്ഥാപനങ്ങൾ വ്യക്തമായ വിപണി ഇടപെടൽ പദ്ധതി സംബന്ധിച്ച മാർക്കറ്റ് പ്ലാൻ തയ്യാറാക്കി ബോർഡിന്റെ അംഗീകാരത്തോടെ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

6) ഇപ്രകാരം തയ്യാറാക്കുന്ന മാർക്കറ്റ് പ്ലാനിൽ സൂചിപ്പിക്കുന്ന നഷ്ടം തൊട്ടുമുൻപത്തെ സാമ്പത്തിക വർഷത്തെ വിപണിയിടപെടൽ മൂലമുള്ള നഷ്ടത്തെക്കാൾ 10% മെങ്കിലും കുറഞ്ഞ തുക ആയിരിക്കണം.

7) ഇപ്രകാരം കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 90% തുക 4 തുല്യ ഗഡുക്കളായി മെയ്, ഓഗസ്റ്റ്, നവംബർ, ഫെബ്രുവരി എന്നീ മാസങ്ങളിൽ സ്ഥാപനത്തിനു സർക്കാർ മുൻകൂർ സബ്സിഡിയായി നൽകേണ്ടതാണ്, 2–ാം ഖണ്ഡിക പ്രകാരം തുക തിരിച്ചു പിടിക്കാനുണ്ടെങ്കിൽ അത് ചെയ്തിരിക്കേണ്ടതാണ്.

8) ഓരോ സാമ്പത്തിക വർഷം കഴിഞ്ഞ് കഴിയുന്നത്ര വേഗത്തിൽ കഴിഞ്ഞ വർഷത്തെ വിപണി ഇടപെടൽ പദ്ധതി പ്രകാരമുള്ള പ്രൊവിഷണൽ ലാഭ നഷ്ടക്കണക്ക് തയ്യാറാക്കേണ്ടതും അതിന്റെ 95% കണക്കാക്കി അതിൽ നിന്നും 7–ാം ഖണ്ഡിക പ്രകാരം നൽകിയ അഡ്വാൻസ് കുറച്ച് ബാക്കി വരുന്ന തുക സെപ്റ്റംബർ മുപ്പതിന് മുൻപ് വീണ്ടും മുൻകൂറായി തന്നെ നൽകേണ്ടതാണ്.  2–ാം ഖണ്ഡിക പ്രകാരം തുക തിരിച്ചുപിടിക്കാനുണ്ടെങ്കിൽ അത് ചെയ്തിരിക്കേണ്ടതാണ്.

9) സപ്ലൈകോ കാലാകാലങ്ങളായി തുടർന്ന് വരുന്ന 13 ഇന അവശ്യ സാധനങ്ങളുടെ വില മാർക്കറ്റ് വിലയേക്കാൾ 20% കുറഞ്ഞ വില അല്ലെങ്കിൽ സപ്ലൈകോയുടെ procurement cost ഇവയിലേതാണോ കുറവ് ആയതായി പുതുക്കി നിശ്ചയിക്കണം.

10)കാർഷികോത്പാദന കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ച് പെട്ടെന്നുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കണം.

11) ചീഫ് സെക്രട്ടറി തലത്തിൽ ഒരു സമിതി രൂപീകരിച്ച് ദീർഘകാലാടിസ്ഥാനത്തിൽ വിലക്കയറ്റം മൂലമുള്ള വിപണിയിടപെടൽ നയം അവലോകനം ചെയ്യണം.

12)പ്രത്യേക സർക്കാർ ഉത്തരവ് കൂടാതെ ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ടതില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സുമൻ ബില്ല
സെക്രട്ടറി

**കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം**

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് പുത്തൻ സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വടക്കഞ്ചേരിയിലും അട്ടപ്പാടിയിലും ഓരോ കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. **തരൂർ** മണ്ഡലത്തിലെ വടക്കഞ്ചേരിയിലെ കോളേജ് 2012 ഫെബ്രുവരി മാസം 18-ാം തീയതി ഉദ്ഘാടനം ചെയ്തു. കോളേജ് ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ആദ്യ ബാച്ചിൽ പ്രവേശനം ലഭിച്ച 20 പേരും വിജയകരമായി പരിശീലനം പൂർത്തിയാക്കി, എല്ലാപേർക്കും പ്ലെയ്സ്മെന്റും ലഭിച്ചു. എന്നാൽ വളരെ പരിമിതമായ സൗകര്യം മാത്രമുള്ള ഒരു വാടകക്കെട്ടിടത്തിലാണ് കോളേജ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിൽ ഒരു സാങ്കേതിക സ്ഥാപനത്തിന് അത്യാവശ്യം വേണ്ട സൗകര്യങ്ങൾപോലുമില്ല. ഈ സാഹചര്യത്തിൽ വടക്കഞ്ചേരി പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 185.25 സെന്റ് ഭൂമി ഈ ആവശ്യത്തിനായി പഞ്ചായത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വടക്കഞ്ചേരി **പൊത്തപ്പൊറ്റ** റോഡിൽ ബ്ലോക്ക് നമ്പർ 45-ൽ 2 സർവ്വേ നമ്പരിൽപ്പെട്ട ഈ ഭൂമി ഈ ആവശ്യത്തിന് വിട്ടുതരണമെന്ന് 04-02-2012-ലെ 8 (6) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ചു. ഈ പ്രമേയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറിയിരുന്നു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ജില്ലാ കളക്ടറും അനുകൂലമായ റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച റവന്യൂ വകു

പ്പിന്റെ ബന്ധപ്പെട്ട ഫയൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. കമ്മ്യൂണിറ്റി കോളേജ് പൂർണ്ണമായ രീതിയിൽ സജ്ജീകരിക്കുന്നതിനും പ്രവർത്തനം വികസിപ്പിക്കുന്നതിനും അനുയോജ്യമായ സ്ഥലം ആവശ്യമാണ്. ആയതിനാൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഈ സ്ഥലം കമ്മ്യൂണിറ്റി കോളേജിനായി പട്ടികജാതി വകുപ്പിന് കൈമാറ്റം ചെയ്ത് ഈ സ്ഥാപനത്തെ സംരക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും പോസിറ്റീവായിട്ടുള്ളൊരു സമീപനമാണുണ്ടായിട്ടുള്ളത്. എന്നാലും ഈ സബ്മിഷനിലൂടെ വീണ്ടും വീണ്ടും ആവർത്തിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വടക്കഞ്ചേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 45 റീ–സർവ്വേ 2 നമ്പരിൽപ്പെട്ട ഭൂമി വിട്ടുകിട്ടുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് പട്ടികജാതി വികസനവകുപ്പ് നേരത്തെതന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ഇപ്പോഴുള്ള ഒരു പ്രശ്നം, അവിടത്തെ പി.ടി.എ കമ്മിറ്റിയാണെന്നുതോന്നുന്നു ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ കേസിന്റെ വിധിയുടെ അന്തിമ തീരുമാനത്തിനനുസൃതമായി ഈ ഭൂമി വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഒന്നാം ഘട്ടത്തിൽ ഭൂരഹിതർക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ടി ഇത് അളന്നുതിരിച്ചിരുന്നതാണ്. പക്ഷെ പട്ടികജാതി വകുപ്പിൽ നിന്നുള്ള ആവശ്യം വന്നുവെന്നുള്ളതുകൊണ്ട്

ഭൂമി മാറ്റിയിട്ടിരിക്കുകയാണ്. കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ഈ ഭൂമി വിട്ടുതരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: കോടതിയിൽ പോയത് പഞ്ചായത്താണ്. അവർ ആ കേസ് വിത്ത്ഡ്രോ ചെയ്യും.

ശ്രീ. അടൂർ പ്രകാശ്: വിത്ത്ഡ്രോ ചെയ്താൽ മതി. അപ്പോൾപ്പിന്നെ ഭൂമി തരുന്നതിന് യാതൊരു പ്രശ്നവുമുണ്ടാകില്ല.

പന്നിക്കുഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, എം.സി. റോഡിൽ വളരെയധികം സമയം ഗതാഗതക്കുരുക്കുണ്ടാക്കുന്ന ഇടുങ്ങിയ ഒരു പാലമാണ് എന്റെ നിയോജകമണ്ഡലത്തിലെ പന്നിക്കുഴി പാലം. ആ പാലം വീതികൂട്ടി പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യകത പലപ്രാവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ അത് ഉൾപ്പെട്ടിട്ടുളളതുമാണ്. കെ.എസ്.ടി.പി.യുടെ വർക്കുകൾ ടെണ്ടർ ചെയ്തു കൊടുത്തപ്പോൾ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള പണികളുടെ ഭാഗമായി അത് നിർവ്വഹിക്കുന്നതിനുപകരം കെ.എസ്.ടി.പി. രണ്ടാം ഘട്ടപദ്ധതിയിലെ അടിയന്തരപ്രാധാന്യം കൊടുത്ത് ഒന്നാമത്തെ വർക്കായി ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയും അദ്ദേഹം സമ്മതിക്കുകയും ചെയ്തതാണ്. പക്ഷെ കെ.എസ്.ടി.പി. അധികാരികൾക്ക് അതുസംബന്ധിച്ചുള്ള നിർദ്ദേശം കിട്ടിയിട്ടില്ല. ആയതിനാൽ കെ.എസ്.ടി.പി. അധികാരികൾക്ക് നിർദ്ദേശം കൊടുത്ത് ആ പാലം അടിയന്തരമായി കെ.എസ്.ടി.പി. രണ്ടാം പദ്ധതിയിൽ ഒന്നാമതായി ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, തിരുവല്ല നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന എം.സി. റോഡിന്റെ ചെങ്ങന്നൂർ –ഏറ്റുമാനൂർ റോഡിലാണ് പന്നിക്കുഴി പാലം സ്ഥിതി ചെയ്യുന്നത്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡിന്റെ നിർമ്മാണ കരാർ 245.3 കോടി രൂപയ്ക്ക് നൽകിക്കഴിഞ്ഞു. ഇതിന്റെ നിർമ്മാണം ഈ ജനുവരി മാസംതന്നെ തുടങ്ങുന്നതാണ്. വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഗണിച്ച് പന്നിക്കുഴി പാലത്തിന്റെ നിർമ്മാണത്തിന് പ്രഥമ പരിഗണന നൽകി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പാലം ഉൾപ്പെടെയുള്ള ചെങ്ങന്നൂർ – ഏറ്റുമാനൂർ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 2016 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കൺസോർഷ്യം എഗ്രിമെന്റ് വച്ചിട്ടില്ല. എഗ്രിമെന്റ് വച്ചാലുടനെതന്നെ ഈ പാലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മണൽ വാരൽ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ വാരുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലനിൽക്കുകയാണ്. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരമാണ് നദികളിൽ നിന്നും മണൽ വാരുന്നത് നിരോധിച്ചിരിക്കുന്നത്. അതിന്റെ ഫലമായി ഇപ്പോൾ ലക്ഷക്കണക്കിന് ആളുകൾ തൊഴിലില്ലാത്ത അവസ്ഥയിലേയ്ക്ക് മാറുകയാണ്. നിർമ്മാണ മേഖല ആകെത്തന്നെ സ്തംഭനാവസ്ഥയിലാണ്.

മണൽവാരൽ നിരോധിക്കുന്നതിനുവേണ്ടി പറയുന്ന ന്യായം നദികളെ സംരക്ഷിക്കാൻ വേണ്ടിയെന്നാണ്. എന്നാൽ നദികളിൽ നിന്നും അനധികൃതമായി മണൽ ധാരാളം പോകുന്നുമുണ്ട്. അത് തടയാനുള്ള യാതൊരു നിയന്ത്രണമോ നടപടിയോ സ്വീകരിക്കുന്നില്ല. ഒരുഭാഗത്ത് നദിയിൽ നിന്ന് മണൽ വാരാൻ പാടില്ലായെന്ന് പറയുമ്പോൾത്തന്നെ കടവുകളിൽ നിന്നും മണൽ വാരിക്കൊണ്ടിരിക്കുകയാണ്. ചെളി നീക്കുകയെന്ന കാരണം പറഞ്ഞാണ് അവിടെനിന്നും അനധികൃതമായി മണൽ ഖനനം നടത്തുന്നത്. അതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. അതോടൊപ്പംതന്നെ കള്ളമണൽ നിർബാധം പോകുന്നുമുണ്ട്. നദികളെ സംരക്ഷിക്കാൻ കഴിയുന്നില്ല. നദികളെ സംരക്ഷിക്കാനും മണൽ വാരൽ നിയന്ത്രണ നിയമവുമൊക്കെ 2002–ൽ കൊണ്ടുവന്നതാണ്. ആ നിയമമനുസരിച്ചുകൊണ്ടുതന്നെ നമുക്ക് നിയന്ത്രണത്തോടുകൂടി മണൽ വാരാനുള്ള സംവിധാനമുണ്ടാക്കേണ്ടതുണ്ട്. ഇപ്പോൾ നിർമ്മാണ മേഖലയാകെ സ്തംഭനാവസ്ഥയിലാണ്. അതിന് പ്രധാനകാരണം മണൽ, പാറ മുതലായവ കിട്ടാനുള്ള ബുദ്ധിമുട്ടാണ്. അതോടൊപ്പംതന്നെ കോൺട്രാക്ടർമാർക്ക് പൈസ കിട്ടാത്ത അവസ്ഥയുമുണ്ട്. ഏതാണ്ട് 8 മാസത്തിലധികമായി കോൺട്രാക്ടർമാർക്ക് നയാപൈസപോലും കിട്ടിയിട്ടില്ല എന്നുപറഞ്ഞ് അവർ സമരം ചെയ്യുകയാണ്. ഏകദേശം ആയിരത്തി എണ്ണൂറോളം കോടി രൂപ കുടിശ്ശികയാണ്. അങ്ങനെ ഒരുഭാഗത്ത് കുടിശ്ശിക കൊടുത്തുതീർക്കാത്തതിന്റെ ഫലമായും മറുഭാഗത്ത് അസംസ്കൃത വസ്തുക്കൾ കിട്ടാത്തതിന്റെ ഫലമായും പണി സ്തംഭിക്കുകയാണ്. ആയിരക്കണക്കിന്, പതിനായിരക്കണക്കിന് തൊഴിലാളികൾ കഷ്ടപ്പാടും ദുരിതവും സഹിച്ച് ജീവിക്കുകയാണ്. എന്റെ പ്രദേശത്തൊക്കെ ഇപ്പോൾ ഒരു ലോഡ് കള്ളമണ

ലിന് അൻപതിനായിരവും അറുപതിനായിരവും രൂപ കൊടുക്കേണ്ട സ്ഥിതിയാണുള്ളത്. പാവപ്പെട്ട ഒരാളിന് ഒരു വീടുവയ്ക്കണമെങ്കിൽ അൻപതിനായിരവും അറുപതിനായിരവും രൂപ കൊടുത്ത് ഒരു ലോഡ് മണൽ വാങ്ങേണ്ട സ്ഥിതിയാണുള്ളത്. സാധാരണ നമ്മുടെ നാട്ടിൽ കാശുണ്ടാക്കാൻവേണ്ടി സ്വർണ്ണക്കള്ളക്കടത്താണ് പ്രധാനമായും നടക്കുന്നത്. എന്നാൽ മണൽ കള്ളക്കടത്ത് അതിനേക്കാൾ ലാഭം എന്ന അവസ്ഥയിലേയ്ക്ക് പോയിരിക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടെന്നുതന്നെ നിയന്ത്രണവിധേയമായി നദികളിൽ നിന്നും മണൽ വാരുന്നതിനുള്ള സംവിധാനമുണ്ടാക്കണം. അതിന് തടസ്സമായി നിൽക്കുന്ന നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് സത്വരമായി ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, നദികളിൽ നിന്നുള്ള അനിയന്ത്രിതവും അശാസ്ത്രീയവുമായ മണൽ ഖനനം നിയന്ത്രിക്കുന്നതിനാണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002-ലെ അനുബന്ധ ചട്ടങ്ങളും നിലവിൽ വന്നിട്ടുള്ളത്. എന്നാൽ നിർമ്മാണ മേഖലയിലുണ്ടായ വളർച്ച മണൽ ദൗർലഭ്യത്തിന് കാരണമായി. ഈ പ്രതിസന്ധി നേരിടുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും എം-സാന്റ് പോലെ മണലിന് പകരം ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളെ പ്രോത്സാഹിപ്പിക്കുകയും അന്യ സംസ്ഥാനങ്ങളിൽ നിന്നും നിയമവിധേയമായി നികുതി അടച്ച് മണൽ

കൊണ്ടുവരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയുമുണ്ടായി. എന്നാൽ മണൽ ഖനന–വിപണന മേഖലയിലെ പ്രതിസന്ധി വർദ്ധിക്കുകയും അനധികൃത മണൽ ഖനനവും കടത്തും വർദ്ധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ Deepak Kumar vs. Haryana കേസിലെ വിധിന്യായത്തിലും ഗ്രീൻ ട്രൈബ്യൂണൽ പരിഗണിച്ച O.A.171/2013 ഹർജിയിലും ഏതൊരു ഖനന പ്രവർത്തനങ്ങൾക്കും പരിസ്ഥിതി ക്ലിയറൻസ് ആവശ്യമാണെന്ന് ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട ഗ്രീൻ ട്രൈബ്യൂണൽ ഉത്തരവുകളെത്തുടർന്ന് ജില്ലകളിലെ മണൽ ഖനനം നിർത്തലാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകി. കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിന്നും ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവനുസരിച്ച് ഖനനം നിർത്തിവച്ചതായി അറിയിക്കുകയും തുടർന്ന് ഖനനാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഗ്രീൻ ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശങ്ങളും കേരളാ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടത്തിലെ വ്യവസ്ഥകളും യോജിച്ച് പോകുന്നതാണോയെന്ന് പരിശോധിക്കാനും ഈ വിഷയത്തിൽ നിയമാനുസൃതമായി എന്തുചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് തീരുമാനമെടുക്കുവാനും 01–01–2014–ലെ മന്ത്രിസഭായോഗം ഗ്രീൻ ട്രൈബ്യൂണൽ വിധിമൂലവും മറ്റ് കാരണങ്ങളാലും ക്ഷാമം നേരിടുന്ന മണ്ണ്, മണൽ, പാറ എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർത്ത് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയെ

ചുമതലപ്പെടുത്തിയിരുന്നു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03-01-2014-ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനമനുസരിച്ച് ഈ വിഷയം വിവിധ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ......(മൈക്ക് ഓഫ്)...... ആന്ധ്രാപ്രദേശ് ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിയെ മറികടന്നിട്ടുണ്ട്. അത് പരിശോധിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ഇത്തരം കാര്യങ്ങളെല്ലാം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. റിപ്പോർട്ട് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മണൽ വാരൽ നിരോധിച്ച സാഹചര്യത്തിൽ അതിന് ബദലായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; നിർമ്മാണ മേഖലയാകെ സ്തംഭിച്ചിരിക്കുകയല്ലേ; ഇതിനെന്തെങ്കിലും പരിഹാരമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ചർച്ചയല്ല, സബ്മിഷനാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവ് വന്നതിനുശേഷം ഗവൺമെന്റ് പുതിയ ഉത്തരവ് നൽകിയിട്ടുണ്ട്. ചില ആളുകൾ പരാതികൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ, അപ്പുറത്തുള്ള ചില എം.എൽ.എ.-മാർ അതിന് ശുപാർശ ചെയ്തു എന്നുള്ളതുകൊണ്ടാണ് ഇന്ന്

ഈ മണൽ ഖനനത്തിൽ ഉണ്ടായിട്ടുള്ള തടസ്സമെന്ന് അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**മലയോര കർഷകർക്ക് ഉപാധിരഹിത പട്ടയം**

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പതിറ്റാണ്ടുകളായി കൈവശഭൂമിയിൽ കൃഷി ചെയ്തുവരുന്ന കേരളത്തിലെ മലയോര കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകണമെന്നുള്ളതാണ് ആവശ്യം. 1964-ലെ റൂൾ 5 പ്രകാരം ഇംപ്രൂവ്മെന്റ് ഇല്ലാത്ത ഭൂമിക്ക് മൂന്നേക്കറും വീടോ കൃഷിയോ കയ്യാലയോ ഉണ്ടെങ്കിൽ നാലേക്കറിനും പട്ടയം കൊടുക്കാമെന്നതായിരുന്നു നിയമം. 2005-ൽ റൂൾ 5 ഭേദഗതി ചെയ്തു. അതുപ്രകാരം ഒരേക്കർ ഭൂമി മാത്രമാണ് കൃഷിക്കാരന് അവകാശപ്പെട്ടത്. എന്നാൽ ഇപ്പോൾ പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് 2005-ലെ ഭേദഗതി അനുസരിച്ച് സർക്കാർ ഇറക്കിയ ഉത്തരവ് അപര്യാപ്തമാണ്. അതുപ്രകാരം രണ്ടുതരം പട്ടയമാണ് വിതരണം ചെയ്യുന്നത്. പെരുഞ്ചാംകുട്ടിയിലും മറ്റും നാലേക്കർ ഭൂമിക്ക് പട്ടയം ലഭിക്കുമ്പോൾ ബാക്കിയുള്ള ഭൂമിയിലെ കൃഷിക്കാർക്ക് മൂന്നേക്കറിന് മാത്രമാണ് അവകാശമുള്ളത്. ഇതൊരുതരം വിവേചനമാണ്. ഇത്തരം ഉത്തരവുകളിൽ വിവേചനമുണ്ടാകുന്നത് സ്വീകാര്യമല്ല. അതുപോലെതന്നെ ചിന്നാർ, രാജാക്കാട്, എരട്ടയാർ, മാവർസിറ്റി, കുത്തുങ്കൽ, ചിത്തിരപുരം തുടങ്ങിയ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനും 01-01-1977-നുമുമ്പ് കൈവശഭൂമിയുള്ള കൃഷിക്കാർക്ക് മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനും റൂൾ 24 പ്രകാരമാണ് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളത്. പൊതുതാൽപ്പര്യപ്രകാരം കൃഷിക്കാരന് കൊടു

ക്കുന്ന പട്ടയം ഏതെങ്കിലും തരത്തിൽ കോടതിയിൽ ചലഞ്ച് ചെയ്യുന്ന സാഹചര്യമുണ്ടായാൽ അത്തരം പട്ടയം റദ്ദ് ചെയ്യേണ്ട സാഹചര്യം ഗവൺമെന്റിന് ഉണ്ടാകുമെന്നുള്ളതുകൊണ്ട് പൊതുതാൽപ്പര്യപ്രകാരം കൃഷിക്കാരന് ഭൂമി വിതരണം ചെയ്യുന്നതിനുപകരമായി 1964-ലെ റൂൾ 5 പ്രകാരം ഭൂമി വിതരണം ചെയ്യാൻ കഴിയുമോയെന്ന് ആലോചിക്കണം. ഇപ്പോൾ ഇറക്കിയിട്ടുള്ള ഉത്തരവിൽ "കൃഷിക്കുമാത്രം" എന്ന് പറഞ്ഞിരിക്കുന്നത് "കൃഷിക്കും വീടുവയ്ക്കുന്നതിനും കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കും" എന്ന തരത്തിൽ ഭേദഗതി കൊണ്ടുവരികയും പതിറ്റാണ്ടുകളായി ഭൂമി കൈവശംവച്ച് കൃഷി ചെയ്യുന്ന മലയോര കൃഷിക്കാർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്തെ മലയോര മേഖലകളിൽ 01-01-1977-നുമുമ്പ് കുടിയേറിയ കർഷകർക്ക് 1993-ലെ കേരള ഭൂമി പതിവ് (പ്രത്യേക) ചട്ടങ്ങളും 01-01-1997-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രകാരവുമാണ് നിലവിൽ പട്ടയങ്ങൾ നൽകിവരുന്നത്. റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി പരിശോധിച്ച 01-01-1977-ന് മുമ്പുള്ള കുടിയേറ്റമാണെന്ന് കണ്ടെത്തി കേന്ദ്രാനുമതി ലഭ്യമാക്കിയിട്ടുള്ള കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഉൾപ്പെട്ടുവരുന്ന 28588.1590 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇത്തരത്തിൽ മലയോര കർഷകർക്ക് നൽകിവരുന്ന പട്ടയങ്ങൾ ക്രയവിക്രയം ചെയ്യുന്നത് തടഞ്ഞുകൊണ്ടുള്ള ഉപാധികൾ 16-11-2010-ലെ ജി.ഒ.(പി)

456/10/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ ക്രയവിക്രയ സ്വാതന്ത്ര്യം തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ ഒഴിവാക്കിയ പട്ടയങ്ങളാണ് നിലവിൽ നൽകി വരുന്നത്. കൂടാതെ കൈമാറ്റം ചെയ്ത് കൈവശം വച്ചുവരുന്ന നിലവിലെ കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നിയമ ഭേദഗതി 24–12–2013–ലെ ജി.ഒ.(പി) 591/13/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം നിലവിൽ വന്നിട്ടുള്ളതാണ്. ഇടുക്കി ജില്ലയിൽ കെ.എസ്.ഇ.ബി. ഏറ്റെടു ത്തതും പിന്നീട് ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതി പ്രദേശങ്ങളിലെ 1367 കുടും ബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെ ടുത്തി 04–01–2014–ലെ ജി.ഒ.(എം.എസ്.) 7/14/ആർ.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 1964–ലെ ഭൂപരിധി ചട്ടങ്ങളിൽ കൃഷി ക്കായി കൈവശം വയ്ക്കാവുന്ന ഭൂപരിധി നാലേക്കറായി വർദ്ധിപ്പിക്കുവാ നുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## പുതിയ താലൂക്ക്

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷ യമാണ്. കഴിഞ്ഞ പ്രാവശ്യം താലൂക്കുകൾ അനുവദിക്കുമ്പോൾ കേരള ത്തിലെ ഏറ്റവും വലിയ താലൂക്കിനെ അവഗണിച്ചത് സംബന്ധിച്ച സബ്മിഷ നാണിത്. തലപ്പള്ളി താലൂക്ക് വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കണമെന്ന വളരെ ഗൗരവമായ വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ വലിയ താലൂക്കുകളി ലൊന്നാണ് തലപ്പള്ളി താലൂക്ക്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന 21 ഗ്രാമപ്പഞ്ചായ

ത്തുകളും കുന്നംകുളം നഗരസഭയും ചേർന്ന തലപ്പള്ളി താലൂക്കിൽ 74 വില്ലേജുകളുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വലിയ താലൂക്കുകൾ വിഭജിക്കുന്നതിനായി പഠിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ വളരെ മുമ്പിൽത്തന്നെ കുന്നംകുളവുമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം 12 താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ കുന്നംകുളത്തെ യാതൊരു നീതീകരണവുമില്ലാതെ ഒഴിവാക്കുകയാണുണ്ടായത്. അതുകൊണ്ടുതന്നെ കുന്നംകുളത്തെ ജനങ്ങൾ നിരാശയിലും അതോടൊപ്പം വലിയ പ്രതിഷേധത്തിലുമാണ്. ജോലിഭാരം കൊണ്ട് തലപ്പള്ളി താലൂക്ക് ഓഫീസ് വീർപ്പുമുട്ടുകയാണ്. ഒരു ലക്ഷത്തിലധികം ഫയലുകൾ അവിടെ പെന്റിംഗുണ്ട്. ഓരോ വർഷവും ശരാശരി 30000-ത്തിലധികം ഫയലുകൾ ഉണ്ടാകുന്നുമുണ്ട്. അതിനുപുറമേ റവന്യൂ റിക്കവറി ഫയലുകളും ഒരുപാട് പെന്റിംഗുണ്ട്. ഇതെല്ലാംകൊണ്ട് ജനങ്ങൾ നൽകുന്ന അപേക്ഷകളിൽ ഒരു തീരുമാനമുണ്ടാകുന്നതിന് തലപ്പള്ളി താലൂക്കിലെ ജനങ്ങൾക്ക് മാസങ്ങളും കൊല്ലങ്ങളും കാത്തിരിക്കണം. കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കുവാൻ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം അടക്കം എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിൽ കുന്നംകുളത്തുണ്ട്. ഇതൊക്കെ പരിഗണിച്ച് കുന്നംകുളത്തെയും പരിസര പഞ്ചായത്തുകളിലെയും ജനങ്ങളുടെ തികച്ചും ന്യായമായ ആവശ്യമായ താലൂക്ക് അനുവദിച്ചുനൽകുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താലൂക്ക്/വില്ലേജുകളുടെ പുനഃസംഘടന സംബന്ധിച്ച് പുതിയ ആലോചന ഗവൺമെന്റിന്റെ മുന്നിൽ തൽക്കാലമില്ല. 2013-14-ൽ പ്രഖ്യാപിച്ച 12

താലൂക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ഏതായാലും പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന വിഷയം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല എന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

**തൃശ്ശൂർ ജനറൽ ആശുപത്രി കെട്ടിടം**

ശ്രീ തേറമ്പിൽ രാമകൃഷ്ണൻ: സർ, ജില്ലാ ആശുപത്രിയായിരിക്കുമ്പോൾ ഒ.പി. സ്പെഷ്യാലിറ്റി വാർഡുകൾക്കുവേണ്ടി ആറു നില കെട്ടിടത്തിന് ഫൗണ്ടേഷനിട്ട് പണി തുടങ്ങിയെങ്കിലും മൂന്ന് നിലകളുടെ പ്രവൃത്തി മാത്രമേ കഴിഞ്ഞിട്ടുള്ളൂ. മൂന്ന് ലിഫ്റ്റുകൾക്ക് പ്രൊവിഷൻ ഉണ്ടായിട്ടും അത് ഇപ്പോൾ ഒന്നായി ചുരുക്കിയിരിക്കുകയാണ്. നിലവിലെ ഒ.പി യിൽ തന്നെ 1200 ഓളം രോഗികൾ വരുന്നുണ്ട്. ജനറൽ ആശുപത്രിയായി മാറിയതോടെ, സ്പെഷ്യലാറ്റികൾ വന്നതോടെ ഇത് രണ്ടായിരവും രണ്ടായിരത്തി അഞ്ഞൂറുമായി മാറുകയാണ്. റാമ്പുകളില്ലാത്തതിനാൽ മൂന്നു ലിഫ്റ്റും പ്രവർത്തിച്ചില്ലെങ്കിൽ രോഗികൾക്ക് വളരെ പ്രയാസമായിരിക്കും. അതുകൊണ്ട് മൂന്ന് നിലയിൽ പണി നിർത്താതെ ഉദ്ദേശിച്ചതുപോലെ ആറു നിലകളും പണിത് മൂന്ന് ലിഫ്റ്റുകളും പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ .വി. എസ്. ശിവകുമാർ): സർ, തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ആറു നില കെട്ടിടത്തിന് ഭരണാനുമതി ലഭിച്ചെങ്കിലും പ്ലാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം മൂന്നുനില കെട്ടിടത്തിന്റെ നിർമ്മാണമാണ് നടക്കുന്നത്. നിലവിൽ മൂന്നു നില

കളിലായി വിവിധ വിഭാഗം ഒ.പി, ഓപ്പറേഷൻ തീയേറ്റർ, ലാബ്, ബ്ലഡ് ബാങ്ക് മുതലായവയാണ് സജ്ജീകരിക്കുന്നത്. ആറു നിലകൾ പൂർത്തീകരിക്കുകയാണെങ്കിൽ ലേബർ റൂം, വാർഡുകൾ, മറ്റ് അത്യാവശ്യ യൂണിറ്റുകൾ എന്നിവ ഈ കെട്ടിടത്തിൽ സജ്ജീകരിക്കാൻ കഴിയുന്നതാണ്. ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്ന സാഹചര്യത്തിൽ ആറു നിലകളും പൂർത്തീകരിക്കേണ്ടത് ആവശ്യമാണ്. ഈ ആശുപത്രി മന്ദിരത്തിന്റെ അംഗീകൃത പ്ലാനനുസരിച്ച് ആവശ്യത്തിന് ലിഫ്റ്റ് തുടങ്ങിയ സൗകര്യങ്ങളോടെ മൂന്ന് നിലകൾ കൂടി പണിത് പ്രവർത്തന സജ്ജമാക്കുന്നതിന് അടുത്ത വർഷത്തെ പ്ലാൻ ഫണ്ടിൽ ചേർത്ത് നടപടി സ്വീകരിക്കുന്നതാണ്.

## പ്രീപ്രൈമറി നഴ്സറി സ്കൂൾ ടീച്ചർമാരുടെ വേതനം

ശ്രീ .ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വികാസ്വാടി ടീച്ചർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന 29 വികാസ്വാടികളാണ് ഈ സംസ്ഥാനത്തുള്ളത്. ടീച്ചർമാർക്കും ആയമാർക്കും ആയിരം രൂപ അഞ്ഞൂറ് രൂപ ക്രമത്തിലാണ് ഓണറേറിയം നൽകുന്നത്. ഇവർ 12 മുതൽ 28 വർഷം വരെ ജോലി ചെയ്തവരാണ്. 11 വികാസ്വാടികൾ പ്രവർത്തിക്കുന്നത് വയനാട് ജില്ലയിലാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പ്രവർത്തിക്കുന്ന അംഗൻവാടി പ്രീപ്രൈമറി ടീച്ചർമാർക്ക് കാലാകാലങ്ങളിൽ ഓണറേറിയം വർദ്ധിപ്പിച്ച് നൽകാറുണ്ട്. എന്നാൽ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള വികാസ്വാടികളിൽ ഈ വർദ്ധനവ് ബാധകമാക്കാ

റില്ല. ഈ കഴിഞ്ഞ ബഡ്ജറ്റിൽ വികാസ്വാടി ടീച്ചർമാർക്ക് മൂവായിരം രൂപയും ആയമാർക്ക് രണ്ടായിരം രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ ഉത്തരവ് ഇതുവരെ നൽകിയിട്ടില്ല. ഇവരുടെ ആവശ്യാർത്ഥം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ടീച്ചർമാരുടെയും ആയമാരുടെയും ഓണ റേറിയം ഏഴായിരം രൂപ അയ്യായിരം രൂപ ക്രമത്തിൽ വർദ്ധിപ്പിക്കണമെ ന്നാണ് ഈ സബ്മിഷനിൽക്കൂടി ഞാൻ ആവശ്യപ്പെടുന്നത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വികാസ്വാടി, ബാലവാടി, കിന്റർഗാർട്ടൻ സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം ആയിരം രൂപയിൽ നിന്ന് മൂവായിരം രൂപയായും ആയമാരുടെ ശമ്പളം അഞ്ഞൂറ് രൂപയിൽ നിന്ന് ആയിരം രൂപയായും 1–4–2013 മുതൽ മുൻകാല പ്രാബല്യത്തോടെ നൽകാൻ സർക്കാർ ഉത്തരവ് ആയിട്ടുണ്ട്.

**എൻ.ആർ.എച്ച്.എം ജീവനക്കാർക്ക് ആനുകൂല്യം**

ശ്രീ. രാജു എബ്രഹാം: സർ, എൻ.ആർ.എച്ച്.എം ജീവനക്കാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ അടിയന്തരമായി പുനഃസ്ഥാപിച്ച് അവരുടെ സമരം ഒത്തു തീർപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ .വി. എസ്. ശിവകുമാർ): സർ, 2012–2013 സാമ്പത്തിക വർഷത്തിൽ സംസ്ഥാന

മിഷൻ ഡയറക്ടർ രൂപീകരിച്ച ശമ്പള വർദ്ധന കമ്മിറ്റിയുടെ ശുപാർശ പ്രകാരം 31–7–2012–ൽ ചേർന്ന എൻ.ആർ.എച്ച്.എം സംസ്ഥാന സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നൽകാൻ തീരുമാനിക്കുകയും 1–8–2012 മുതൽ വർദ്ധിപ്പിച്ച ആനുകൂല്യം ജീവനക്കാർക്ക് നൽകുകയുമുണ്ടായി. 1–4–2013 സാമ്പത്തിക വർഷത്തിൽ ഈ വർദ്ധിച്ച ആനുകൂല്യങ്ങൾ നൽകാനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് പദ്ധതിയുടെ ഭാഗമായി നൽകിയിരുന്നു. എങ്കിലും 2013–14 വർഷത്തെ കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതിപ്രകാരം പല തസ്തികകളിലും പുതുക്കിയ നിരക്കിലുള്ള ശമ്പള വർദ്ധനവ് അനുവദിച്ചിരുന്നില്ല. ഈ വിഷയം പരിഹരിക്കുവാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിയും സംസ്ഥാന മിഷൻ ഡയറക്ടറും കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുകയും പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നുവെങ്കിലും അനുകൂലമായ നിലപാട് ഇതുവരെ കേന്ദ്ര സർക്കാർ എടുത്തിട്ടില്ല. മറിച്ച് 2013–14 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന നിരക്കിൽ മാത്രമേ ശമ്പളം നൽകാൻ കഴിയുകയുള്ളൂ എന്ന് കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രാലയം സംസ്ഥാന മിഷൻ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളം കേന്ദ്ര സർക്കാർ അംഗീകരിച്ച നിരക്കിൽ നൽകാൻ 4–10–2013–ൽ ചേർന്ന എൻ.ആർ.എച്ച്.എം. സംസ്ഥാന സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. വീണ്ടും പുതുക്കിയ നിരക്കിൽ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട്

കേന്ദ്ര ആരോഗ്യ മന്ത്രിയുമായി ഞാനും ചർച്ച നടത്തിയിട്ടുണ്ട്. അത് പരിഹരിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

## അട്ടപ്പാടിയിലെ ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യം

ശ്രീ എൻ. ഷംസുദ്ദീൻ: സർ, കേരളത്തിലെ അതീവ ദുർഘട മേഖലകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി. ക്വാട്ടയ്ക്ക് സംവരണമുണ്ടായിരുന്നു. ആ സംവരണം എടുത്തു കളഞ്ഞിരിക്കുകയാണ്. സംവരണം എടുത്തു കളഞ്ഞതുകൊണ്ട് ആ മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ അവിടം വിട്ടുപോകുന്നൊരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ആ സംവരണം പുനഃസ്ഥാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. പി.ജി ക്വാട്ടയിലുണ്ടായിരുന്ന ഈ സംവരണമാണ് അതീവ ദുർഘട മേഖലയിൽ ജോലി ചെയ്യാൻ ചെറുപ്പക്കാരായ ഡോക്ടർമാർക്ക് പ്രചോദനമാകുന്നത്. ഇത് പുനഃസ്ഥാപിച്ചില്ലെങ്കിൽ അവർ ഇത്തരം മേഖലകളിൽ നിന്ന് വിട്ട് പോകും. എന്റെ നിയോജക മണ്ഡലത്തിലെ അട്ടപ്പാടി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ധാരാളം ചെറുപ്പക്കാരായ ഡോക്ടർമാർ ഈ ഒരു താത്പര്യം കൂടി മുൻനിർത്തിയാണ് വന്നിട്ടുള്ളത്. ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ നിയമതടസ്സമാണ് ഇക്കാര്യത്തിൽ വകുപ്പ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് ഈ സംവരണവുമായി ഒരിക്കലും ബാധിക്കാത്ത വിഷയമാണ്. സുപ്രീം കോടതി വിധി സാമുദായിക സംവരണവുമായി ബന്ധപ്പെട്ട വിഷയമാണ് പറഞ്ഞിട്ടുള്ളത്. ഇത്തരം സംവരണങ്ങളെ അതിൽ എതിർക്കുന്നില്ല. അതിനുപകരം നൽകിയിട്ടുള്ള പോയിന്റ് വളരെ കുറവാണ്. ഇനി പോയിന്റ് സിസ്റ്റത്തിലാണ് പരിഗണിക്കുന്നതെങ്കിലും ഒരു വർഷത്തെ സേവനത്തിന് ചുരുങ്ങിയത് മൂന്ന് വർഷമായെങ്കിലുമുള്ള പോയിന്റ് നൽകി അവരെ സഹാ

യിക്കണം. ഇന്ന് അട്ടപ്പാടി മേഖലയിലെ ഡോക്ടർമാർ സമരത്തിലാണ്. ആവിടെ ആരോഗ്യ പ്രശ്നമുള്ളതുകൊണ്ട് സർക്കാർ ഇതുവരെ എടുത്ത നടപടികളെ സമരങ്ങൾ പിറകോട്ടടിക്കുമെന്ന ആശങ്കയും എനിക്കുണ്ട്. അതു കൊണ്ട് ആ സമരത്തെ പരിഗണിച്ചുകൊണ്ട് അവർക്ക് മുമ്പുണ്ടായിരുന്ന സംവരണം പുന:സ്ഥാപിക്കേണ്ടതാണ്. അതുപോലെ തന്നെ ഈ മേഖല യിലെ ഡോക്ടർമാർക്ക് സർക്കാർ പ്രഖ്യാപിച്ച 20,000 രൂപയുടെ അധിക വേതനം ഇതുവരെ വിതരണം ചെയ്തിട്ടില്ല. അത് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് സൂചിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ .വി. എസ്. ശിവകുമാർ): സർ, 2013 ലെ പി.ജി മെഡിക്കൽ സീറ്റിലേക്കുള്ള പ്രവേ ശനത്തിലേക്ക് പുറപ്പെടുവിച്ചിട്ടുള്ള പ്രോസ്പെക്ടസ് പ്രകാരം സർവ്വീസ് ക്വാട്ടയിലെ വിദ്യാർത്ഥികൾക്ക് അനുവദിച്ചു വന്നിരിക്കുന്ന ദുർഘട ഗ്രാമീണ മേഖല സർവ്വീസ് ക്വാട്ട നിർത്തലാക്കുകയും അതിന് പകരമായി ദുർഘട ഗ്രാമീണ മേഖലയിൽ രണ്ട് വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള ഡോക്ടർമാർക്ക് അവരുടെ മൊത്തം സേവന കാലയളവിൽ ഒരു വർഷം കൂടി വെയിറ്റേജായി നൽകാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു. ഇത്തരത്തിൽ പരമാവധി 8 വർഷം വരെ വെയിറ്റേജായി നൽകാൻ വ്യവസ്ഥയുണ്ട്. 2014 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനം സംബന്ധിച്ച പ്രോസ്പെക്ടസ് ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല. അട്ടപ്പാടിയിലെ ശിശുമരണവുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ ഡോക്ടർമാർക്ക് ഇരുപതിനായിരം രൂപ പ്രത്യേക അലവൻസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത അലവൻസ് ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചെലവഴിക്കണം, അട്ടപ്പാടി മേഖലയിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് പ്രസ്തുത അലവൻസ് നൽകണം തുടങ്ങിയ കാര്യങ്ങളിൽ സ്പഷ്ടീകരണം ആവശ്യമാണെന്ന് അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ടിരുന്നു. ഈ കാര്യങ്ങളിൽ സ്പഷ്ടീകരണം വരുത്തിയ ഉത്തരവ് ഉടൻ തന്നെ പുറപ്പെടുവിക്കുന്നതാണ്. എൻ.ആർ.എച്ച്.എം വഴി നിയമിച്ചിട്ടുള്ള ഡോക്ടർമാർക്ക് ഈ പ്രത്യേക അലവൻസായ 20,000 രൂപ ഇപ്പോൾത്തന്നെ നൽകി വരുന്നുണ്ട്.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, 1963-ൽ ആരംഭിച്ചതാണ് നരിക്കുനി ആശുപത്രി. ഒരു ഏക്കറിലധികം സ്ഥലമുള്ള ഈ ആശുപത്രി പിന്നീട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർന്നു. ഈ ആശുപത്രിയുടെ കീഴിൽ ഏതാണ്ട് പത്തോളം പ്രൈമറി ഹെൽത്ത് സെന്ററുകളുണ്ട്. രണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണ്. പ്രൈമറി ഹെൽത്ത് സെന്ററിലെ ജീവനക്കാരുൾപ്പെടെയുള്ള ആളുകൾ ശമ്പളം കൈപ്പറ്റുന്നത് ഇവിടെ നിന്നാണ്. ചുരുങ്ങിയത് 600 മുതൽ 800 രോഗികൾ നിത്യവും ഇവിടെ ചികിത്സ തേടി എത്തുന്നുണ്ട്. സീസണിൽ രോഗികളുടെ എണ്ണം കൂടും. മറ്റ് ആശുപത്രി സൗകര്യങ്ങളൊന്നും ഇതിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിലില്ല. ഏറെക്കുറെ രണ്ടുലക്ഷത്തോളം ജനങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. 30 കിടക്കുകളുള്ള ഈ ആശുപത്രിയിൽ നാല് ഡോക്ടർമാർ മാത്രമാണുള്ളത്. ഒ.പി. സമയത്തിനുശേഷം ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ചികിത്സ ലഭിക്കുന്നില്ലെന്ന പരാതി വളരെ ശക്തമായിട്ടുണ്ട്.

ഇവിടെനിന്ന് മെഡിക്കൽ കോളേജിലേക്ക് 20 കിലോമീറ്ററും താമരശ്ശേരി താലൂക്ക് ആശുപത്രിയിലേക്ക് 15 കിലോമീറ്ററും ദൂരമുണ്ട്. സർവ്വകക്ഷി യോഗവും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയും ഇക്കാര്യത്തിൽ ആശങ്ക പ്രകടിപ്പിക്കുകയും ശക്തമായ സമരത്തിന് ആലോചന നടത്തുകയും ചെയ്തുവരികയാണ്. നേരത്തെ ഗൈനക്കോളജിസ്റ്റിന്റെ സേവനം ഇവിടെയു ണ്ടായിരുന്നു. നല്ല ഒരു ഓപ്പറേഷൻ തിയേറ്ററും ലബോറട്ടറിയും എക്സ്-റേ സൗകര്യവും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കും ഇവിടെയുണ്ട്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി നൽകുന്ന നാമമാത്രമായ ഓണറേറിയത്തിന് ജോലി ചെയ്യുന്നവരാണ് ഇവിടെയുള്ള അധികമാളുകളും. ഇതിനുശേഷം ആരംഭിച്ചിട്ടുള്ള പല ആശുപത്രികളും കൂടുതൽ മെച്ചമായ രീതിയിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കി ഉയർത്തി ആവശ്യമായ ഡോക്ടർമാരെ നിയമിച്ച് വേണ്ട ക്രമീകരണമുണ്ടാക്കണമെന്ന് ഈ സബ്മിഷ നിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊടുവള്ളി നിയോജകമണ്ഡലത്തിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ് നരിക്കുനി സാമൂഹ്യ ആരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നത്. 30 കിടക്കകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്. പ്രതിദിനം 500 ഒ.പി.-യും 30-40 ഐ.പി.-യുമുണ്ട്. ഒരു സിവിൽ സർജൻ ഉൾപ്പെടെ 4 ഡോക്ടർമാരും അനുബന്ധ ജീവനക്കാരുമുള്ള ഈ ആരോഗ്യകേന്ദ്രത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടില്ല. സി.എച്ച്.സി.-കളിൽ

സാധാരണ സ്പെഷ്യലിസ്റ്റുകളില്ല. ഈ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കി ഉയർത്തുന്നതിന് സർക്കാരിന് ഇതേവരെ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. കൊടുവള്ളി നിയോജകമണ്ഡലത്തിൽ നരിക്കുനി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽനിന്നും ഏകദേശം പത്ത് കിലോ മീറ്റർ ദൂരത്തിൽ താമരശ്ശേരി താലൂക്ക് ആശുപത്രി നിലവിലുണ്ട്. എന്നിരു ന്നാലും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാ ണ്.

## പരിയാരം മെഡിക്കൽ കോളേജ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, പരിയാരം മെഡിക്കൽ കോളേജ് സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരണം. വടക്കൻ മലബാറിലെ കണ്ണൂർ, കാസർഗോഡ് ജില്ലകളുൾപ്പെടുന്ന 300 കിലോമീറ്റർ ചുറ്റളവിൽ 60 ലക്ഷത്തോളം ആളുകൾ ആശ്രയിക്കുന്ന ഒരു സ്ഥാപനമാണ് പരിയാരം മെഡിക്കൽ കോളേജ്. 110 ഏക്കർ സ്ഥലം, 8 ബ്ലോക്കുകൾ, 10 നിലകൾ, 10 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള കെട്ടിടം, 1000 കിടക്കകളുടെ സൗകര്യമുള്ള പരിയാരം മെഡിക്കൽ കോളേജ് ഇന്ന് വലിയ പ്രതിസന്ധിയി ലാണ്. 16 കോടി രൂപയോളം ഷെയർ പിരിച്ച് 100 കോടിയോളം രൂപ ലോണെടുത്ത് സഹകരണ മേഖലയിൽ ശ്രീ. എം. വി. രാഘവൻ എന്ന രാഷ്ട്രീയ നേതാവിന്റെ ഇച്ഛാശക്തികൊണ്ട് പണിതുയർത്തിയ സ്ഥാപനം. ഇന്ന് ഇവിടെ ആറ് സ്ഥാപനങ്ങളുണ്ട്. എം.ബി.ബി.എസ്., പി.ജി. നഴ്സിംഗ്, ഡെന്റൽ, പബ്ലിക് സ്കൂൾ തുടങ്ങിയവയിലായി 1600 വിദ്യാർത്ഥികൾ അവിടെയുണ്ട്. 300 ഡോക്ടർമാരുൾപ്പെടെ 1300 ജീവനക്കാർ

ഉൾക്കൊള്ളുന്ന സ്ഥാപനമാണ്. 1200 കിടക്കകളിൽ 750 എണ്ണം ചികിത്സാ യോഗ്യമാണ്. 1200 രോഗികളെ വാർഡിലും അഡ്മിറ്റ് ചെയ്യാവുന്നതാണ്. ഇതിനോടൊപ്പം പ്രവർത്തിക്കുന്ന ഹൃദയാലയം 150 ഹൃദയ ശസ്ത്രക്രിയ നടത്തുന്ന കേരളത്തിലെ പ്രധാന സ്ഥാപനമായി മാറിയിരിക്കുകയാണ്. ഇന്ന് 600 കോടി രൂപയുടെ ബാധ്യതയുള്ള ഈ സ്ഥാപനത്തിന്റെ വികസനത്തിന് പണമില്ലാതെ സ്തംഭിച്ചിരിക്കുകയാണ്. ആശുപത്രി വളഞ്ഞ വഴിയിൽ പിടിച്ചെടുത്ത പുതിയ ഭരണാധികാരികൾപോലും പറയുന്നത് സർക്കാർ ഏറ്റെടുക്കണമെന്നാണ്. 36 ഡിപ്പാർട്ട്മെന്റുകളിൽ ആധുനിക സൗകര്യങ്ങളുടെ അഭാവം ശക്തമാണ്. പരിയാരം മെഡിക്കൽ കോളേജിനേക്കാൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് പത്തിരട്ടി വലിപ്പമുണ്ട്, കോഴിക്കോട് മെഡിക്കൽ കോളേജ് ആറിരട്ടി വലിപ്പുമുണ്ട്. സർക്കാർ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് എന്ന നയം തുടരുന്ന സാഹചര്യത്തിൽ പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുത്താൽ 2000 കോടി രൂപയുടെ ആസ്തി 600 കോടി രൂപ കൊണ്ട് കിട്ടും. പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന ചെലവിന്റെ നാലിലൊന്ന് ചെലവാക്കിയാൽ വടക്കൻ മലബാറിൽ ഒരു പുതിയ ഗവൺമെന്റ് സ്ഥാപനമുണ്ടാകും. ഇത് സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുമ്പോൾ ശ്രീചിത്രാ ആശുപത്രി മോഡൽ ഭരണമാതൃക സ്വീകരിക്കണം. ദരിദ്രർക്ക് സൗജന്യചികിത്സയും സാധാരണക്കാർക്ക് സൗജന്യ നിരക്കും സമ്പന്നർക്ക് ഉയർന്ന ഫീസും വാങ്ങുന്ന രീതി സ്വീകരിച്ചാൽ കേരളത്തിലെ ഒന്നാം നമ്പർ ആരോഗ്യ കേന്ദ്രമാക്കി പരിയാരം മെഡിക്കൽ കോളേജിനെ മാറ്റാൻ സാധിക്കും. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പരിയാരം മെഡിക്കൽ കോളേജ്, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസ് ലിമിറ്റഡ് നമ്പർ–4386 എന്ന സഹകരണ സ്ഥാപനത്തിനു കീഴിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത അക്കാദമി ഓഫ് മെഡിക്കൽ സയൻസിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. 05–04–2013–ലെ ഉത്തരവ് പ്രകാരം പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആസ്തികളും ബാദ്ധ്യതകളും മറ്റും വിലയിരുത്തി മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. കളക്ടർ നൽകിയ റിപ്പോർട്ട് പരിശോധിച്ചതിൽ പരിയാരം മെഡിക്കൽ കോളേജിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും അധിക ജീവനക്കാരുമുള്ളതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പരിയാരം മെഡിക്കൽ കോളേജ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന പരിഹാരമാർഗ്ഗങ്ങളെയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു ഉന്നതതല സമിതിയെ 23–09–2013–ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി വിശദമായ പഠനം നടത്തിവരികയാണ്. കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസ് ലിമിറ്റഡിന്റെ 2012–13

വർഷത്തെ ഓഡിറ്റ് പ്രകാരം സ്ഥാപനം 540.22 കോടി രൂപ നഷ്ടത്തിലാണ്. നിക്ഷേപമായി സ്വീകരിച്ച 7.18 കോടി രൂപയും സർക്കാരിൽ നിന്നും 162.33 കോടി രൂപ വായ്പയും ഓഹരി മൂലധനമായി 19.28 കോടി രൂപയും മുഖ്യ ബാധ്യതയായി സംഘത്തിനുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയുടെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് പരിയാരം മെഡിക്കൽ കോളേജ് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളു ന്നതാണ്.

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാ/പരിശോധനാ ഫീസ് ഏകീകരണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരളത്തിലെ സർക്കാർ ആശുപത്രി കളിൽ എല്ലാവിധ ചികിത്സാ സംവിധാനങ്ങളും പരിശോധനാ സംവിധാനങ്ങളും ഇല്ലാത്തതുകൊണ്ട് സ്വകാര്യ ആശുപത്രികളെയാണ് വലിയ വിഭാഗം ആളുകൾ ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ സ്വകാര്യ ആശുപത്രികളിലും അവിടത്തെ ചികിത്സാ സംവിധാനങ്ങൾക്കും ഏകീകൃതമായ പരിശോധനാ ഫീസോ മറ്റു ചികിത്സാ ഫീസോ നിശ്ചയിക്കാ ത്തതിനാൽ രോഗികൾ വല്ലാതെ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കു കയാണ്. ഒരേ പരിശോധനയ്ക്കും ഒരേതരം ടെസ്റ്റുകൾ/സർജറികൾ എന്നിവയ്ക്കെല്ലാം വിവിധ നിരക്കിലാണ് ആശുപത്രികൾ ഫീസ് ഈടാക്കി ക്കൊണ്ടിരിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനോ പരിശോധിക്കുന്നതിനോ ഏകീകരിക്കുന്നതിനോ യാതൊരു സംവിധാനവുമില്ല. ഇതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനവും നടപടികളും അത്യാവശ്യമായിരിക്കുകയാണ്. ആയതിനാൽ വിവിധ ചികിത്സകൾക്ക് സംസ്ഥാനത്താകെ ഒരേതലത്തിലുള്ള

ഫീസ് ഈടാക്കുന്നതിനും അമിത ഫീസും ചൂഷണവും ഒഴിവാക്കുന്നതിനെതിരായിട്ടുള്ള നിയമപരമായ നടപടികളും നിയമനിർമ്മാണവും സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേക്കായി '2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷനും നിയന്ത്രണവും ബിൽ' എന്ന പേരിൽ ഒരു ബിൽ തയ്യാറാക്കിയിട്ടുണ്ട്. നിയമസഭാ സാമാജികർക്ക് ബിൽ സർക്കുലേറ്റ് ചെയ്തിരിക്കുകയാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയുടെ മേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണമുണ്ടാകുകയും അതുവഴി ചൂഷണങ്ങളിൽനിന്ന് സാധാരണക്കാരായ രോഗികളെ വിമുക്തമാക്കുന്നതിന് സാധിക്കുകയും ചെയ്യുമെന്ന് കരുതുന്നു. താമസംവിനാ ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)